2010, ഖുത്ബ നമ്പര്‍-51

17.12.2010
ബൈതുല്‍ ഫുതൂഹ്
ലണ്ടന്‍

ഖുര്‍ആനില്‍ അല്ലാഹു പറയുന്നു. وَالَّذِيْنَ اٰمَنُوْٓا اَشَدُّ حُبًّا لِّلّٰهِ

വിശ്വാസികള്‍ ഏറ്റവും കൂടുതല്‍ അല്ലാഹുവിനെയാണ് സ്നേഹിക്കുന്നത്. അല്ലാഹുവിന്റെ ഈ സ്നേഹമാണ് അല്ലാഹു സ്നേഹിക്കുന്നവരെ സ്നേഹിക്കാനും അവരില്‍ ആകൃഷ്ടരാകാനും പ്രേരണ നല്‍കുന്നത്. അങ്ങിനെയുള്ളവര്‍ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാന്‍ പരിശ്രമിക്കുന്നു. തങ്ങളുടെ പ്രിയതമനായ അല്ലാഹുവിനെ എങ്ങിനെ തൃപ്തിപ്പെടുത്താന്‍ സാധിക്കും എന്ന പ്രയത്നത്തിലായിരിക്കുമവര്‍. ഹദീസില്‍ വരുന്നു. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ തണലല്ലാത്ത മറ്റൊരു തണലും ലഭിക്കാത്ത ആ നാളില്‍ അല്ലാഹു തന്റെ തണലിനുകീഴില്‍ അല്ലാഹുവിന്ന് വേണ്ടി പരസ്പരം സ്നേഹിക്കുന്ന കൂട്ടരെയും വെക്കുന്നതാണ്. അല്ലാഹുവിനു വേണ്ടിയുള്ള ഈ സ്നേഹം അവനോടുള്ള സ്നേഹത്തിന്റെ ഒരു ബഹിര്‍ പ്രകടനമാണ്. ഒരു സാധാരണ വിശ്വാസിക്ക് അല്ലാഹുവിന്റെ പ്രീതിക്കായി പരസ്പരം സ്നേഹിക്കുമ്പോള്‍ അല്ലാഹു ഇത്രമാത്രം കാരുണ്യം ചൊരിയുമ്പോള്‍ അല്ലാഹുവിന്റെ പ്രവാചകന്മാരെ സ്നേഹിക്കുന്നവരെ എന്തുമാത്രം അനുഗ്രഹിക്കുന്നതാണ്. ഈ കാരുണ്യവര്‍ഷം എത്രമാത്രമായിരിക്കുമെന്ന് നമുക്ക് ഊഹിക്കാന്‍ പോലും സാധ്യമല്ല. സ്നേഹത്തിന്റെയും പ്രേമത്തിന്റെയും ഈ മനോഹര ദൃശ്യങ്ങള്‍ നാം കാണുന്നു. ഇതിന്റെ അവസാന അറ്റം അല്ലാഹുവില്‍ ചെന്നവസാനിക്കുന്നു. തങ്ങളുടെ പ്രേമത്തിന്റെയും കൂറിന്റെയും മാതൃക കാഴ്ചവെക്കുവാന്‍ പ്രവാചകകാലം ദര്‍ശിക്കാന്‍ അവസരം ലഭിച്ചവര്‍ എത്ര ഭാഗ്യവാന്‍മാരാണ്. ഈ മാതൃക കാഴ്ച വെക്കാനുള്ള സൗഭാഗ്യം നമ്മിലുള്ള ചിലരുടെ പൂര്‍വ്വപിതാക്കള്‍ക്ക് ലഭിക്കുകയുണ്ടായി. അവര്‍ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ അനുഗ്രഹീതകാലം ദര്‍ശിക്കുകയുണ്ടായി. അവര്‍ തങ്ങളുടെ സ്നേഹവും പ്രേമവും അവരോടുള്ള അടുപ്പവും ആദരവും നേരിട്ട് ആ മഹാത്മാവിനോട് പ്രകടിപ്പിക്കുകയും ചെയ്തു. അതോടൊപ്പം ആ മഹാത്മാവിന്റെ സ്നേഹത്തിനും വാത്സല്യത്തിനും അവര്‍ അവകാശികളായി മാറുകയും ചെയ്തു.

ഇങ്ങിനെയുള്ള ചില പൂര്‍വ്വ സാത്വികരുടെ മാതൃകകളും സംഭവങ്ങളുമാണ് ഞാനിപ്പോള്‍ കേള്‍പ്പിക്കാന്‍ ഉദ്ദേശിക്കുന്നത്. മഹാനായ വാഗ്ദത്ത മസീഹിന്റെ തിരുകരങ്ങള്‍ സ്പര്‍ശിക്കാന്‍ അവസരം ലഭിച്ചവര്‍ എത്രമാത്രം അനുഗ്രഹീതരാണ്. അവര്‍ ആ മഹാത്മാവില്‍ നിന്നും നേരിട്ട് ആശീര്‍വാദങ്ങള്‍ ഏറ്റുവാങ്ങുകയുണ്ടായി. ഞാനിന്ന് ചില നിവേദനങ്ങളാണ് എടുത്തിട്ടുള്ളത്. അതില്‍ ഒന്നാമത്തെ നിവേദനം ഹദ്റത്ത് വലീദാത്ത് ഖാന്‍ സാഹിബ് رضي الله عنه വിന്റെതാണ്. അദ്ദേഹം രാജ്പുത്ത് സമൂഹത്തില്‍ പെട്ട ആളാണ്. നാരേവാള്‍ ജില്ലയിലെ മറാട സ്വദേശി മല്‍ഖാന്‍ സാഹിബിന്റെ മകനാണിദ്ദേഹം. അദ്ദേഹം പറയുന്നു. 1907 ല്‍ ഞാന്‍ ജല്‍സാ സാലാനാ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ അനുഗ്രഹീതകരങ്ങളില്‍ ബൈഅത്ത് ചെയ്തു. ജല്‍സ തുടങ്ങുന്നതിനു ഒരു ദിവസം മുമ്പെ രാത്രി ഖാദിയാനിലെത്തി. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام കാലത്ത് വീട്ടില്‍ നിന്നും പുറത്തുവരുമായിരുന്നു. അപ്പോള്‍ മസ്ജിദ് മുബാറക്കിന്റെ അടുത്ത് ജനങ്ങള്‍ തടിച്ചുകൂടിനില്‍ക്കുന്നതാണ് ഞാന്‍ കണ്ടത്. ഒരാള്‍ മറ്റൊരാളുടെ മുകളില്‍ വീഴുന്നുണ്ടായിരുന്നു. ഞാന്‍ ആദ്യമായാണ് ഖാദിയാനില്‍ വന്നത്. അടുത്തുള്ള വഴിയില്‍ നിന്നുകൊണ്ട് ഞാനിങ്ങനെ ദുആ ചെയ്തുകൊണ്ടിരുന്നു. കാരുണ്യവാരിധിയായ നാഥാ ഹുസൂര്‍ ഈ ഇടവഴിയിലൂടെ വരികയാണെങ്കില്‍ എനിക്കാദ്യം കൈകൊടുക്കാനുള്ള തൗഫീഖ് നല്‍കേണമേ. അപ്പോള്‍ ഞാന്‍ കാണുന്നത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മിര്‍സ മഹ്മൂദ് അഹ്മദിന്റെ കൂടെ ഞാന്‍ നിന്ന ഇടവഴിയിലൂടെ നടന്നു വരികയാണ്. പെട്ടെന്ന് ഞാന്‍ ആദ്യശ്യം കണ്ടപ്പോള്‍ കാര്‍മേഘത്തില്‍ നിന്നും സൂര്യന്‍ പുറത്ത് വരുന്നതുപോലുള്ള പ്രീതിയാണ് എനിക്കനുഭവപ്പെട്ടത്. അവിടെമെല്ലാം പ്രകാശദീപ്തമായിത്തീരുന്നു. ഞാന്‍ ഓടിപ്പോയി ആദ്യം കൈകൊടുത്തു. ആര്യബസാര്‍ വഴി ഹുസൂര്‍ പുറത്തേക്ക പോയി. എനിക്ക് ഓര്‍മ്മ വരുന്നത് നവാസ് മുഹമ്മദലി വാള്‍ സാഹിബിന്റെ വടക്കുഭാഗത്തുള്ള വഴിയിലൂടെയാണ് ഹുസൂര്‍ തിരിഞ്ഞുപോയത്. മസ്ജിദുന്നൂര്‍ന്റെയും മദ്റസ അഹ്മദിയ്യായുടേയും പടിഞ്ഞാറുവശത്ത് ഹുസൂര്‍ ഇരുന്നു. സഹാബത്ത് ചുറ്റും കൂടിയിരുന്നു. മീര്‍ ഹാമിദ് ശാ സാഹിബ് മര്‍ഹൂം സിയാല്‍കോട്ടി സ്വന്തം എഴുതി ഉണ്ടാക്കിയ ചില കവിതകള്‍ കേള്‍പ്പിച്ചു. ഹദ്റത്ത് മദദ് ഖാന്‍ സാഹിബ് رضي الله عنه ഇന്‍സ്പെക്ടര്‍ ബൈത്തുല്‍ മാല്‍ ഖാദിയാന്‍, ഇദ്ദേഹം രാജാഫതഹ് മുഹമ്മദ്ഖാന്‍ സാഹിബിന്റെ മകനാണ്, യരിപൂര്‍ കശ്മീര്‍ സ്വദേശിയാണ്. 1896 ല്‍ ഇദ്ദേഹം ബൈഅത്ത് ചെയ്തു 1904 ല്‍ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ സന്ദര്‍ശിച്ചു. അദ്ദേഹം എഴുതുന്നു. ഒരിക്കല്‍ ഞാന്‍ നാട്ടിലായിരുന്നപ്പോള്‍ പുണ്യ റമദാന്‍ മാസം ഈ വര്‍ഷം ഖാദിയാനില്‍പോയി നോമ്പെടുക്കാം എന്ന് ഒരാഗ്രഹം മനസ്സില്‍ വരികയുണ്ടായി. പെരുന്നാള്‍ അവിടെത്തന്നെ നമസ്ക്കരിച്ച് ജോലിക്ക് പ്രവേശിക്കാം. അക്കാലത്ത് എനിക്ക് സൈന്യത്തില്‍ ജോലി ലഭിച്ചതെ ഉണ്ടായിരുന്നുള്ളൂ. ജമീദാര്‍ എന്ന പോസ്റ്റിലേക്കാണ് നിയമിതനായത്. ആ തസ്തിക ഇപ്പോഴില്ല. ജോലിയില്‍ കയറുന്നതിനുമുമ്പെ ഖാദിയാനില്‍ പോയി വരണം എന്ന ഒരാവേശം എന്റെ ഹൃദയത്തില്‍ അലതല്ലിക്കൊണ്ടിരുന്നു. ഹുസൂറിന്റെ അനുഗ്രഹീതവദനബിംബം ഒരു നോക്കു കാണാനായി ഞാന്‍ കൊതിച്ചു. അദ്ദേഹത്തിന്റെ തിരുകരങ്ങളില്‍ നേരിട്ട് ബൈഅത്ത് ചെയ്യാമെന്നും ഞാന്‍ കരുതി. 1895 ലോ 96 ലോ ആണ് ആദ്യമായി ഞാന്‍ ബൈഅത്ത് ചെയ്തത്. കത്ത് മുഖേനയാണ് ഞാന്‍ ബൈഅത്ത് ചെയ്തിരുന്നത്. അദ്ദേഹം പറയുന്നു. ഖാദിയാനില്‍ എന്റെ പ്രഥമമായ ആഗമനമായിരുന്നു അത്. എന്തുതന്നെ വന്നാലും ഹുസൂറിനെ കണ്ടിട്ട്മതി മറ്റു കാര്യങ്ങള്‍ എന്ന അടങ്ങാത്ത ആഗ്രഹം എന്റെ മനസ്സില്‍ അലയടിച്ചുകൊണ്ടിരുന്നു. ജോലിക്ക് പോയിക്കഴിഞ്ഞാല്‍ ഇനി ഹുസൂറിനെ കാണാന്‍ പറ്റുമോ എന്നൊന്നും അറിയില്ല. അതിനാല്‍ ആദ്യം ഖാദിയാനില്‍ പോകാനും ഹുസൂറിനെ സന്ദര്‍ശിക്കാനും തീരുമാനിച്ചു. അതിനുശേഷം തിരിച്ചുവന്ന് ജോലിയില്‍ പ്രവേശിക്കുകയും ചെയ്യാം.

പറയുന്നു, ഞാന്‍ ഇങ്ങിനെയല്ലാം പദ്ധതി ഇട്ടുകൊണ്ടാണ് ഖാദിയാനില്‍ വന്നിരുന്നത്. എന്നാല്‍ ഇവിടെവന്ന് ആ അനുഗ്രഹീത മുഖകാന്തി ദര്‍ശിച്ചപ്പോള്‍ അനുനിമിഷം എന്റെ ഹൃദയത്തില്‍ ഒരു ചിന്ത വന്നത് എനിക്ക് കാശ്മീര്‍ മുഴുവനും ലഭിച്ചാല്‍ പോലും ഈ മഹാത്മാവിനെ വിട്ട് ഖാദിയാനില്‍ നിന്നും ഞാന്‍ പുറത്ത് പോകുന്നതല്ല എന്നും. എന്നെ തിരിച്ചുപോകാന്‍ അനുവദിക്കാത്തത് യഥാര്‍ത്ഥത്തില്‍ ആ മഹാത്മാവിന്റെ ആകര്‍ഷണ ശക്തിയായിരുന്നു. എനിക്ക് ആ മഹാത്മാവിന്റെ മുഖം ദര്‍ശിച്ചതിനുശേഷം ഖാദി

യാൻ വിട്ടുപോകുക എന്നത് ദുസ്സഹമായിമാറി. ആ മഹാത്മാവിനെ കണ്ട മാത്രയിൽ തന്നെ ഞാൻ മറ്റെല്ലാം മറന്നു എന്റെ ഹൃദയത്തിൽ രൂഢമൂലമായ ആശയം പുറത്ത് ശംബളമായി ആയിരം രൂപ കിട്ടി യാലും എന്ത് നേടാനാണ്. നീ പുറത്ത് പോകുകയാണെങ്കിൽ പ്രഭാ പൂരിതമായ ഈ വദനബിംബം നിനക്ക് ഒരിക്കലും ദർശിക്കാൻ സാധി ക്കുന്നതല്ല. ഈ ചിന്തയിൽ എന്റെ നാട്ടിലേക്കുള്ള തിരിച്ചുപോക്ക് ഞാൻ ഉപേക്ഷിച്ചു. എന്നിട്ട് മനസ്സിൽ ചിന്തിച്ചത് ഇന്നോ നാളെയോ ഞാൻ മരിച്ചാൽ എന്റെ ജനാസ ഹുസൂർ തന്നെ നമസ്ക്കരിക്കുന്ന തായിരിക്കും. ഇതുമുഖേന ഞാൻ രക്ഷപ്പെടുന്നതാണ്. അല്ലാഹു തൃപ്തനാകുകയും ചെയ്യും. അങ്ങിനെ ഖാദിയാനിൽ തന്നെ താമ സിക്കാൻ തീരുമാനിച്ചുറച്ചു. ഇവിടെ ഞാൻ നിത്യവും ചെല്ലാറുണ്ടാ യിരുന്നു എന്നും ഒരു കത്തെഴുതി കവറിലിട്ട് ഹുസൂറിന്റെ വീട്ടിൽ പോയി ആരുടെയെങ്കിലും കൈയ്യിൽ കൊടുത്തയക്കും. എന്നാൽ ഈ പ്രവർത്തി കാരണം ഹുസൂർ കുണ്ഢിതപ്പെടുമോ എന്ന് ഞാൻ സംശയിക്കാതിരുന്നില്ല. എപ്പോഴും എന്നെ ശല്യം ചെയ്യുന്നുവോ എന്ന് ആ മഹാത്മാവ് ചിന്തിക്കുമോ എന്നും ഞാൻ ആലോചിക്കാതിരുന്നി ട്ടില്ല. എന്നാൽ എന്റെ ഈ ചിന്തകളെല്ലാം അസ്ഥാനത്തായിരുന്നു. കാരണം ഒരു ദിവസം ഹുസൂർ എനിക്ക് മറുപടിക്കത്തയച്ചുകൊണ്ട് എഴുതി. താങ്കൾ സ്വീകരിച്ചിരിക്കുന്ന ഈ രീതി വളരെ നല്ലതാണ്. ദുആക്കായി എന്നെ എപ്പോഴും ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതിനാൽ ഞാനും നിങ്ങൾക്ക് വേണ്ടി അല്ലാഹുവിനോട് ദുആ ചെയ്യാറുണ്ട്. ഇൻശാ അല്ലാഹ് ഇനിയും ചെയ്തുകൊണ്ടിരിക്കുന്ന താണ്. അല്ലാഹു നിങ്ങൾക്ക് സ്വയം ദീനിലും ദുൻയാവിലും വിജയം നൽകുന്നതാണ്. അല്ലാഹു നിങ്ങളിൽ തൃപ്തനായിത്തീരുന്നതാണ്. നിങ്ങളുടെ വിവാഹം അല്ലാഹു തന്നെ നടത്തിത്തരുന്നതാണ്. എന്നെ ഓർമ്മപ്പെടുത്തിക്കൊണ്ടേ ഇരിക്കുക. നിങ്ങളിൽ ഞാൻ വളരെ തൃപ്തനാണ്. അദ്ദേഹം എഴുതുന്നു. ഞാൻ ഈ കത്ത് ശൈഖ് ഗുലാം അഹ്മദ് സാഹിബ് നവ മുസ്ലിമിന് കാണിച്ചുകൊടുത്തു. എന്നിട്ട പറഞ്ഞു. ഇതാ ഇന്നെനിക്ക് ഹുസൂർ എഴുതിത്തന്ന കത്താണി ത്. എന്നിട്ട് ഞാൻ പറഞ്ഞു. എന്റെ കല്ല്യാണത്തെക്കുറിച്ച് ഹുസൂറിനോ ട് സൂചന രൂപത്തിൽപോലും ഒരിക്കലും ഞാൻ സംസാരിച്ചിട്ടില്ല. അ പ്പോൾ ശൈഖ് സാഹിബ് ചിരിച്ചുകൊണ്ട് പറഞ്ഞു. ഇനി എന്തായാലും നിങ്ങളുടെ കല്ല്യാണം ഉടൻ നടക്കും കാരണം ഹുസൂറിന്റെ വാക്കു കൾ വൃഥാവിലാകാറില്ല. അതിനാൽ തയ്യാറായിരുന്നോളൂ. അദ്ദേഹം എഴുതുന്നു. അല്ലാഹു സാക്ഷി. ഹുസൂർ ഇത് എഴുതി രണ്ട് മാസ ത്തിനകം എന്റെ കല്ല്യാണം നടന്നു. ഇതിനുമുമ്പ് എവിടെയും എന്റെ കല്ല്യാണം നടന്നിരുന്നില്ല. എന്റെ രണ്ട് കല്ല്യാണങ്ങളും ഹുസൂർ തന്നെ യാണ് നടത്തിയിരുന്നത്. അതല്ലെങ്കിൽ എന്നെപോലുള്ള നാടോടികളെ ആര് ചോദിക്കാനാണ്. എന്റെ കല്ല്യാണം നടന്നു എന്നത് ഹുസൂറിന്റെ പ്രത്യേക കാരുണ്യവും സ്നേഹവായ്പുമായിരുന്നു. പാവം ഞാനെ വിടെ എനിക്ക് ലഭിച്ച ഈ അനുഗ്രഹങ്ങൾ എവിടെ.

ഹദ്റത്ത് മാസ്റ്റർ മുഹമ്മദ് ബറേൽ സാഹിബ് رضي الله عنه .കമാൽഡേരാ സിന്ദ് നിവാസിയായ അദ്ദേഹം എഴുതുന്നു.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ اَمَّا بَعْدُ

ഈ വിനീതൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1905 ജൂലൈ മാസത്തിലാണ് ജരിയുല്ലാഹ് ഫീ ഹുലലുൽ അമ്പിയായുടെ കൈയ്യിൽ ബൈഅത്ത് ചെയ്തത്. അക്കാലത്ത് മസ്ജിദ് മുബാറക്ക് വളരെ ചെറു തായിരുന്നു. നാലഞ്ച് പേര് സഫ്ഫിൽ ഇരുന്നാൽ തന്നെ പള്ളി നിറയും. ആ മാസം അത്യുഷ്ണമായിരുന്നു. മസീഹ് മൗഊദ് عليه السلام പള്ളിയിൽ ആഗതരായാൽ ഞാൻ അദ്ദേഹത്തിന് വിശറികൊണ്ട് വീശിക്കൊടുക്കുമായിരുന്നു. മൗലവി മുഹമ്മദലി സാഹിബിന്റെ ഓഫീസ് മസ്ജിദ് മുബാറക്കിന് മുകളിലായിരുന്നു. ഒരു ദിവസം മുഹ മ്മദലി സാഹിബിന് ഹുസൂറിനോട് എന്തോ പറയാനുണ്ടായിരുന്നു. ഹുസൂറിന്റെ അടുത്തിരുന്നു പറയാനാണ് അദ്ദേഹം ഉദ്ദേശിച്ചത്. എന്നാൽ അവിടെ ഇരിക്കാൻ സ്ഥലമില്ലായിരുന്നു. ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കാൽമുട്ടിനോട് എന്റെ കാൽമുട്ട് അടുത്ത് വെച്ചുകൊണ്ടിരുന്നാണ് വീശിക്കൊടുക്കുന്നത്. മൗലവി മുഹമ്മദലി സാഹിബ് എന്നെ പിന്നിലേക്ക് മാറ്റാനായി ഒരാളോട് ആംഗ്യഭാഷയിൽ പറഞ്ഞു. ഞാൻ പിന്നോട്ട് മാറാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام എന്റെ കാൽമുട്ടിന് അടിച്ചുകൊണ്ട് പറഞ്ഞു. പിന്നോട്ട് മാറണ്ട ഇവിടെത്തന്നെ ഇരിക്കു. ഞാൻ വീണ്ടും വിശറി എടുത്ത് വീശിക്കൊണ്ടിരുന്നു. മൗലവി മുഹമ്മദലി സാഹിബ് നിന്നുകൊണ്ട് തന്നെ തന്റെ കാര്യങ്ങൾ പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام അദ്ദേഹത്തിന് ഉചിതമായ മറുപടി നൽകി. മൗലവി സാഹിബ് അത്കേട്ട് എഴതിയ ശേഷം അവിടെ നിന്ന് പോയി. അദ്ദേഹം എഴു തുന്നു. അക്കാലത്ത് ഈ സംഭവമൊന്നും ഞാനത്ര ഗൗനിച്ചില്ല. എന്നാൽ ഇപ്പോൾ അതോർക്കുമ്പോൾ ആവേശം വരുന്നു. കാരണം എന്നെപ്പോലുള്ള ഒന്നിനും കൊള്ളരുതാത്ത വ്യക്തി, ഉറുദുപോലും ശരിക്കും എഴുതാൻ കഴിയാത്ത വ്യക്തി, മൗലവി മുഹമ്മദലി സാഹിബ് എം.എ യും വലിയ പണ്ഢിതനുമൊക്കെയായിരുന്നു. എന്നിട്ടും അല്ലാഹുവിന്റെ പ്രവാചകരുടെ ദുആയിൽ ഉന്നമരെന്നോ അധമ രെന്നോ ഉള്ള വിവേചനമില്ല. 15 ദിവസം ഞാൻ അദ്ദേഹത്തിന്റെ കൂടെ താമസിച്ചു. ഓരോ ദിവസവും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വദനബിംബം പ്രകാശത്താൽ കൂടുതൽ തിളങ്ങിക്കൊണ്ടിരി ക്കുന്നതുപോലെ അനുഭവപ്പെട്ടു. ഹുസൂർ കുളിച്ച് കഴിഞ്ഞ് കുളി മുറിയിൽ നിന്ന് പുറത്തിറങ്ങിയതുപോലെയാണ് എനിക്ക് തോന്നുക. അദ്ദേഹത്തിന്റെ അനുഗ്രഹീത ശിരസ്സിലുള്ള തോളുവരെ ഇറങ്ങി ക്കിടക്കുന്ന മുടിയിൽ നിന്നും വള്ളം ഇറ്റിറ്റു വീഴുമ്പോൾ മുത്തുര ത്നങ്ങൾ കൊഴിഞ്ഞുവീഴുന്ന പ്രതീതിയാണ് ഉണ്ടായിരുന്നത്. ഈ 15 ദിവസം ആ മഹാത്മാവിന്റെ മുഖത്ത് ഒരിക്കൽ പോലും ദുഃഖ ത്തിന്റെ അടയാളം ദർശിക്കാൻ സാധിച്ചിട്ടില്ല. മജ്ലിസിൽ വരു മ്പോഴൊക്കെ സുമുഖനും സുസ്മേരവദനുമായാണ് കണ്ടിരുന്നത്.

ചൗധരി അബ്ദുൽ ഹകീം സാഹിബിന്റെ നിവേദനം. അദ്ദേഹം ഗുജരൻവാല ജില്ലയിലെ മുരിദാബാദ് ഛാർക്കട്ട് ദിമാനിലെ ചൗധരി ശറഫുദ്ദീൻ സാഹിബന്റെ മകനാണ്. എഴുതുന്നു. 1902 ൽ ഉഷ്ണ ക്കാലമായിരുന്നു. മുൽത്താൻ ഛാവ്ണി റയിൽവേ സ്റ്റേഷനിൽ സിഗ്നൽ നൽകുന്ന ജോലിയിലായിരുന്നു ഞാൻ. അഹ്ലെ ഹദീ സിന്റെ അനുഭാവിയായിരുന്നു. മൗലവി അബ്ദുൽ ജബ്ബാർ, അബ്ദുൽ ഗഫ്ഫാർ എന്നിവർ അഹ്ലെ ഹദീസ് പണ്ഢിതരും സഹോദരങ്ങളുമായിരുന്നു. അവർക്ക് മുൽത്താനിൽ ബുക്ക്സ്റ്റാൽ ഉണ്ടായിരുന്നു. അവരി ൽ നിന്നും വിശുദ്ധ ഖുർആന്റെ അർത്ഥം ഞാൻ പഠിച്ചുകൊണ്ടിരു ന്നു. യാദൃശ്ചികമായി മൗലവി സദ്റുദ്ദീൻ സാഹിബ് അഹ്മദിയുമായി എനിക്ക് കണ്ടുമുട്ടാനിടയായി. അദ്ദേഹം ആ പട്ടണത്തിനകത്തുള്ള ഒരു പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററായി രുന്നു. അൽഹഖം എന്ന പത്രം വായിക്കാൻ അദ്ദേഹം എനിക്ക് നൽകി. എനിക്ക് ശരിക്കും ഓർമ്മയുണ്ട്. അൽഹഖം എന്ന പത്ര ത്തിന്റെ ഫ്രന്റ് പേജിൽ അല്ലാഹുവിൽ നിന്ന് ഇപ്പോൾ ലഭിച്ച് വഹ്യ്, കാലത്തിന്റെ ഇമാമിന്റെ തിരുമൊഴികൾ എന്നിങ്ങനെ എഴുതിയിരു ന്നു. അത് ഞാൻ വായിച്ചപ്പോൾ എന്റെ ഹൃദയത്തിൽ പ്രത്യേകമായ ഒരാകർഷണം എനിക്ക് അനുഭവപ്പെട്ടു. മസീഹ് മൗഊദ് عليه السلام ന്റെ സവിധത്തിൽ ഉടനടി എത്തണം എന്ന ആഗ്രഹം മനസ്സിൽ അലത ല്ലക്കൊണ്ടിരുന്നു. അല്ലാഹു ഫള്ൽ ചെയ്തു. അഹ്ലെ ഹദീസ്

പണ്ഢിതന്മാർ തടഞ്ഞിട്ടു. അൽപകാലത്തിനുശേഷം ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചു. മൗലവി ബദറുദ്ദീൻ സാഹിബ് ഖാദിയാനിൽ ഉടന പോകാൻ എന്നോട് പറഞ്ഞു. ഒരു അഹ്ലെ ഹദീസ് പണ്ഢിതനു എന്നോടൊപ്പം ഖാദിയാനിൽ വരാൻ തയ്യാറായി. മൗലവി സുൽത്താൻ മഹ്മൂദ് സാഹിബ് എന്ന അഹ്ലെ ഹദീസ് പണ്ഢിതന്റെ അടുത്ത് ശിഷ്യനായിരുന്നു ഈ പണ്ഢിതൻ. എന്റെ ശമ്പളം ആകെ പതിനഞ്ച് രൂപയായിരുന്നു. ദാരിദ്രമായിരുന്നു. ഞാൻ ലീവെടുത്തു. റെയിൽവേ പാസ് അനുവദിച്ചിരുന്നില്ല. എനിക്കും എന്റെ സുഹൃത്തിനുമായി അമൃത്സർ വരെയുള്ള ടിക്കറ്റെടുത്തു. ഖാദിയാനിലെത്താനുള്ള പണം എന്റെ കൈവശം ഉണ്ടായിരുന്നില്ല. അമൃത്സർ എത്തിയപ്പോൾ തങ്ങളുടെ ടിക്കറ്റ് പരിധി കഴിഞ്ഞിരുന്നു. ബട്ടാലയിലേക്ക് പോകുന്ന വണ്ടിയിലാണ് ഞങ്ങൾക്ക് യാത്ര ചെയ്യേണ്ടിയിരുന്നത്. എന്റെ കൈ വശം ആകെ എട്ടണയാണ് ഉണ്ടായിരുന്നത്. അത്കൊണ്ട് രണ്ടാൾക്കും വീർ വരെയുള്ള ടിക്കറ്റെടുത്തു. അങ്ങിനെ വണ്ടിയിൽ കയറി. അദ്ദേഹം പറയുന്നു. ബട്ടാലയാണ് ഞങ്ങൾക്കെത്തേണ്ടത്. അതുവരേക്കുമുള്ള ടിക്കറ്റ് ഞങ്ങളുടെ കൈവശമില്ല. ഏതായാലും ഞങ്ങൾ അവിടെ എത്തിയപ്പോൾ വണ്ടിയിൽ തന്നെ ഇരുന്നു. അപ്പോഴേക്കും ടിക്കറ്റ് പരിശോധിക്കുന്ന ആൾ വന്നു. ടിക്കറ്റ് അദ്ദേഹം ചെക്ക് ചെയ്തു. ടിക്കറ്റ് ശരിക്കും നോക്കിയതിനുശേഷം അത് തിരിച്ചുതന്നുകൊണ്ട് പറഞ്ഞു. ശരി ഇതേ പോലെ ബട്ടാല സ്റ്റേഷനിൽ ഇറങ്ങി പുറത്ത് കടക്കുമ്പോഴും ടിക്കറ്റ് പരിശോധിച്ചു. എന്നാൽ ഞങ്ങളെ ഒന്നും പറഞ്ഞില്ല. ഞാൻ ദുആ ചെയ്തുകൊണ്ടേ ഇരുന്നു. അല്ലാഹുവേ ഞങ്ങൾ ഒരു സദുദ്ദേശത്തിനാണ് പോകുന്നത് ഞങ്ങളെ എല്ലാതരം അപമാനങ്ങളിൽ നിന്നും രക്ഷിക്കേണമേ. ഈ ടിക്കറ്റ് പിടിക്കപ്പെടാതിരിക്കുക എന്നത് തന്നെ ഞാൻ മനസ്സിലാക്കുന്നത് ഇത് പ്രഥമമായി ഞാൻ അനുഭവിച്ച ഒരു മുഅ്ജിസത്തായിരുന്നു. നിയ്യത്ത് ശുദ്ധമായിരുന്നു. മറ്റൊരു പോംവഴിയും ഉണ്ടായിരുന്നില്ല. വഞ്ചിക്കുവാനായിരുന്നില്ല ഇങ്ങിനെ ചെയ്തത്. അദ്ദേഹം തുടർന്ന് എഴുതുന്നു. ഞങ്ങൾ ബട്ടാലയിൽ നിന്നും നടന്നുകൊണ്ട് ഖാദിയാനിലെത്തി. ഖാദിയാനിലെ മസ്ജിദ് മുബാറക്കിൽ പ്രവേശിച്ചപ്പോൾ തന്നെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام അവിടെ വരികയുണ്ടായി. എന്റെ കൂടെയുണ്ടായിരുന്ന അഹ്ലെ ഹദീസ് പണ്ഢിതൻ മസീഹ് മൗഊദ് عليه السلام നെ കണ്ട മാത്രയിൽ തന്നെ ഒരു ചോദ്യം ഉന്നയിച്ചു. ഖുർആനും ഹദീസും നമുക്ക് വഴി കാട്ടാനുണ്ടായിരിക്കെ താങ്കളെ ബൈഅത്ത് ചെയ്യേണ്ട ആവശ്യം എന്തിരിക്കുന്നു. ഹുസൂർ അവിടെത്തന്നെ എഴുന്നേറ്റ് നിന്നുകൊണ്ട് പ്രസംഗിക്കാൻ തുടങ്ങി. ഹുസൂറിന്റെ പ്രസംഗം തീരുന്നതിനു മുമ്പെ തന്നെ എന്റെ കൂടെ വന്ന പണ്ഢിതൻ പറ ഞ്ഞു. ഹുസൂർ എനിക്ക് കാര്യങ്ങൾ മനസ്സിലായി. തൃപ്തിയായി ഞാൻ ബൈഅത്ത് ചെയ്യുന്നു. ഹുസൂർ പറഞ്ഞു. അൽപംകൂടി കഴിയട്ടെ. പൂർണ്ണമായും തൃപ്തി വന്നതിനുശേഷം ബൈഅത്ത് ചെയ്താൽ മതി. താങ്കൾ വഞ്ചനയിൽ അകപ്പെടാതിരിക്കട്ടെ. തുടർന്ന് ളുഹർ നമസ്ക്കരിപ്പിച്ച് വീട്ടിലേക്ക് പോയി. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ പ്രസംഗം കഴിഞ്ഞപ്പോൾ മൗലവി അബ്ദുൽ കരീം സാഹിബ് ഇപ്രകാരം പറഞ്ഞിരുന്നു. ''പത്രങ്ങളിൽ ഇതെല്ലാം എഴുതിയിട്ടുള്ളതാണ്. ഇവിടെ അയാൾ ഉന്നയിച്ച ചോദ്യത്തിന് മറുപടി നേരത്തെതന്നെ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. മൗലവി സാഹിബ് പറഞ്ഞു. പുറത്തുനിന്നു വരുന്നവർ ചോദ്യങ്ങൾ ചോദിച്ച് ഹുസൂറിനെ വെറുതെ ബുദ്ധിമുട്ടിക്കുകയാണ്. പത്രം വായിക്കില്ല. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഇതുകേട്ടപ്പോൾ പറഞ്ഞു. മൗലവി സാഹിബ് പ്രസംഗിക്കുന്നത് ഞാനാണ്. എന്നാൽ പ്രയാസം നിങ്ങൾക്കും.

ചോദ്യകർത്താവ് ആരായിരുന്നാലും വളരെ താൽപര്യപൂർവ്വമാണ് അതിനെല്ലാം മറുപടി നൽകിയിരുന്നത്.

ഗുജ്റാൻ വലാ ജില്ലയിലെ വസീറാബാദിലെ ചൗധരി സഫറുദ്ദീൻ സാഹിബിന്റെ മകൻ ചൗധരി അബ്ദുൽ ഹകീം സാഹിബ് رضي الله عنه ഇപ്രകാരം എഴുതുന്നു, ഞാൻ ബൈഅത്ത് ചെയ്ത വൈകുന്നേരം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തിരിച്ചുപോയതിനുശേഷം ഞാൻ ഹദ്റത്ത് ഖലീഫ അവ്വൽ رضي الله عنه ന്റെ അടുത്ത് ചെന്നു. അദ്ദേഹം മസ്ജിദ് മുബാറക്കിന്റെ ടറസിനടുത്ത് ഒരു റൂമിലാണ് താമസിച്ചിരുന്നത്. അദ്ദേഹം ചെറിയൊരു കട്ടിൽ ടറസിനുമുകളിൽ വിരിച്ചിട്ടുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്ത് കുറെ നേരം ഇരുന്നു. പലകാര്യങ്ങളും ചോദിച്ചറിഞ്ഞു. എന്നാൽ ഒരൊറ്റ കാര്യം മാത്രമേ എനിക്ക് ഓർമ്മയുള്ളൂ. ഖലീഫ അവ്വൽ رضي الله عنه എന്നോട് പറഞ്ഞു. എതിരാളികൾ പറയാറുള്ളത് നൂറുദ്ദീൻ ഭൗതിക നേട്ടങ്ങൾക്കായാണ് ഖാദിയാനിൽ വന്നതെന്നാണ്. എന്നാൽ എനിക്ക് ഭൗതികമായി ലഭിച്ചത് ഈ ചെറിയ കട്ടിലാണ്. ഇതിൽ കിടന്നാൽ എന്റെ ശരീരത്തിന്റെ പകുതി പുറത്തായിരിക്കും. അല്ലാഹുവിനെ പ്രാപിക്കാൻ വേണ്ടി മാത്രമാണ് ഞാനിവിടെ വന്നത്. ഹദ്റത്ത് മസീഹ് മൗഊദിനെ ബൈഅത്ത് ചെയ്തുകൊണ്ട് ഞാനത് നേടുകയും ചെയ്തു. അദ്ദേഹത്തിന് ലഭിച്ച വലിയൊരു ബഹുമതി ഇതുതന്നെയായിരുന്നു. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഖലീഫ അവ്വലിനെ കുറിച്ച് ഇപ്രകാരം പദ്യശകലത്തിൽ പറഞ്ഞത്. ***എത്ര നന്നായേനെ. ഓരോരുത്തരുടേയും ഹൃത്തടത്തിൽ നൂറുദ്ദീന്റെ ആവേശം പോലുള്ള അവസ്ഥ സംജാതമായിരുന്നെങ്കിൽ. ഈ അവസ്ഥ കൈവരിക്കണമെങ്കിൽ ഹൃദയത്തിൽ ദൃഢജ്ഞാനം നിറയേണ്ടതാണ്.*** ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വാദത്തിൽ അടിയുറച്ച് വിശ്വാസം ഉണ്ടായിരിക്കണം. അപ്പോൾ മാത്രമേ മൗലാനാ നൂറുദ്ദീൻ സാഹിബിന് ലഭിച്ച ആ സ്ഥാനം കൈവരിക്കാൻ സാധിക്കുകയുള്ളൂ.

ഹദ്റത്ത് ഹാമിദ് ഹുസൈൻ ഖാൻ സാഹിബ് رضي الله عنه ഇദ്ദേഹം മുഹമ്മദ് ഹുസൈൻ ഖാൻ സാഹിബ് മുറാദാബാദിന്റെ മകനാണ്. അദ്ദേഹം പറയുന്നു. 1902 ൽ അലിഗഢ്ഢിൽ നിന്നും വന്ന് മീററ്റിൽ ജോലിയിൽ പ്രവേശിച്ചു. എന്റെ ജോലി തുടങ്ങി കുറച്ചുകാലം കഴിഞ്ഞപ്പോൾ ജനാബ് ഖാൻ സാഹിബ് സുൽഫികാർ അലി ഖാൻ സാഹിബ് സർക്കാർ ഇൻസ്പെക്ടർ എന്ന നിലയ്ക്ക് മീററ്റിൽ മാറ്റം കിട്ടി വരികയുണ്ടായി. അദ്ദേഹം അഹ്മദിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദിന് ബൈഅത്ത് ചെയ്യുകയും ചെയ്തിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ വീട്ടിൽ ഈ കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുമായിരുന്നു. ശൈഖ് അബ്ദുൽ റശീദ് സാഹിബ് റംഗിനാസ്, മീററ്റും മറ്റും മിയാം ഖാൻ സാഹിബിന്റെ വീട്ടിൽ നിത്യസന്ദർശകരായി മാറി. ഖാൻ സാഹിബിന് എന്നോട് അലിഗഢിൽ പഠിച്ചകാരണം പ്രത്യേക സ്നേഹമായിരുന്നു. അതിനാൽ ഞാനും ഖാൻ സാഹിബിന്റെ ഒരു നിത്യ സന്ദർശകനായി മാറി. പുസ്തകങ്ങൾ വേണ്ടത് ഞാൻ ആവശ്യപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദിന്റെ ചെറിയ ചെറിയ പുസ്തകങ്ങൾ ഖാൻ സാഹിബ് എനിക്ക് നൽകി. അതിൽ ബറകാതുദ്ദുആ ഉണ്ടായിരുന്നു. ഞാനത് വായിച്ചു. അതേപോലെ മറ്റു പുസ്തകങ്ങളും വായിച്ചു. മൗലവി മുഹമ്മദ് അഹ്സൻ സാഹിബും ഖാൻ സാഹിബിന്റെ അടുത്ത് വന്നു. മീററ്റിൽ ഒരു സംവാദം നടത്താൻ തീരുമാനിച്ചു. അന്ന് ഒരൊറ്റ കാര്യമാണ് ചർച്ചക്ക് വന്നത്. ഈസാനബിയുടെ മരണം എന്നതായിരുന്നു ആ വിഷയം. മീററ്റിലെ കുഴപ്പക്കാർ കാരണം സംവാദം നടന്നിട്ടില്ല. മൗലവി മുഹമ്മദ് അഹ്സൻ സാഹിബിന്റെ പ്രസംഗം ഈസാനബിയുടെ മരണം എന്നതിനെക്കുറിച്ച് ഞാൻ കേട്ടിരുന്നു. (മീററ്റിൽ നടന്ന സംഭവം മറ്റൊരു പത്രത്തിൽ

അദ്ദേഹം എഴുതിയിട്ടുണ്ട്.) ഏതായിരുന്നാലും എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ കാണാൻ വല്ലാതെ ആഗ്രഹം വന്നു. ഖാൻ സാഹിബിനോട് ഈ കാര്യം ഞാൻ പറഞ്ഞു. മീററ്റിനടുത്ത് ഹുസൂർ വന്നാൽ നിങ്ങൾ എന്നെ അറിയിക്കണം. അങ്ങിനെയുള്ള മഹത്വ്യക്തിത്വത്തെ സന്ദർശിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇങ്ങിനെയുള്ളവരെ കാണാൻ കഴിയാത്തത് ദൗർഭാഗ്യം എന്നല്ലാതെ എന്ത് പറയാൻ. അന്നെനിക്ക് ബൈഅത്ത് ചെയ്യുന്ന ചിന്ത ഒരിക്കലും ഉണ്ടായിരുന്നില്ല. ഇതിനുശേഷം 1904 ൽ ഒരു വലിയ ഭൂകമ്പം ഉണ്ടായി. ഇതിനെക്കുറിച്ച് പറഞ്ഞിരുന്നത് ഇത് ഹ: മസീഹ് മൗഊദ് عليه السلام ന്റെ പ്രവചനപ്രകാരമാണ് വന്നത് എന്നാണ്. ഒരിക്കൽ ഖാൻ സാഹിബ് എന്നോട് പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഡൽഹിയിൽ വരുന്നുണ്ട്. അതുകൊണ്ട് സന്ദർശിക്കാൻ താങ്കളും വന്നാലും. അങ്ങിനെ അവിടെ പോകാൻ തീരുമാനിച്ചു. ഞങ്ങൾ ഡൽഹിയിൽ എത്തി. ഡൽഹിയിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام താമസിച്ചിരുന്നത് അലഫ്ഖാൻ എന്ന പേരുള്ള ഒരു വീട്ടിലായിരുന്നു. ഛൻറി എന്ന സ്ഥലത്താണ് ഇതുള്ളത്. ഞാനും ഖാൻ സാഹിബും ട്രൈൻ മുഖേന ഡൽഹിയിൽ ഏകദേശം ഉച്ചക്ക് ഒരു മണിക്കാണ് എത്തിയത്. ഹ: മസീഹ് മൗഊദ് عليه السلام വീടിന്റെ മുകളിലുള്ള നിലയിലാണ് താമസിച്ചിരുന്നത്. താഴെ മറ്റു സഹോദരങ്ങളുണ്ടായിരുന്നു. ആ വീട്ടിൽ പ്രവേശിച്ച ഉടനെ എന്റെ ദൃഷ്ടി മുഹമ്മദ് അഹ്സൻ സാഹിബിൽ പതിഞ്ഞു. കാരണം അദ്ദേഹത്തെ എനിക്ക് നേരത്തെ അറിയാമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്തിരുന്ന് സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ മസീഹ് മൗഊദ് താമസിച്ചിരുന്ന റൂമിന്റെ താഴെയുള്ള റൂമിന്റെ വരാന്തയിൽ ഇരിക്കുകയായിരുന്നു. ഖാൻ സാഹിബ് എന്നെ അദ്ദേഹത്തിന്റെ അടുത്തേക്ക് വിളിച്ചു. ഞാൻ പോയി ഒരു കട്ടിലിന്റെ ഓരത്തിരുന്നു. എന്നിട്ട് അദ്ദേഹത്തോട് സംസാരിച്ചുകൊണ്ടിരുന്നു. ഞാൻ ഇരുന്നിരുന്നതിന്നടുത്താണ് മുകളിലേക്ക് കയറി പോകാനുള്ള ഗോവണി ഉണ്ടായിരുന്നത്. ഹുസൂർ മുകളിൽ നിന്നും താഴേക്ക് വന്നു. ഗോവണിക്ക് അഭിമുഖമായി എന്റെ പുറം ഭാഗമായിരുന്നു. മസീഹ് മൗഊദ് വരുന്നത് ഞാൻ കണ്ടിരുന്നില്ല. ഹുസൂർ വന്ന് പതുക്കെ എന്റെ അടുത്ത് കട്ടിലിൽ തന്നെ വന്നിരുന്നു. ഹുസൂർ വന്നിരുന്നപ്പോൾ ഞാൻ ഇതിനുമുമ്പ് കണ്ടിട്ടില്ലാത്തതുകൊണ്ട് എനിക്ക് മനസ്സിലായില്ല. ആരോ പറഞ്ഞു. ഹുസൂർ വന്നിട്ടുണ്ട്. ഉടനെത്തന്നെ ഞാൻ വെപ്രാളപ്പെട്ടുകൊണ്ട് അവിടെനിന്നും എഴുന്നേറ്റു. അപ്പോൾ ഹുസൂർ പറഞ്ഞു. നിങ്ങൾ ഇവിടെത്തന്നെ ഇരുന്നോളൂ. എന്റെ കൈപിടിച്ച് എന്നെ ഹുസൂർ ഇരുത്തിയതാണോ അതല്ല പറയുക മാത്രമാണോ ചെയ്തതെന്നെനിക്കോർമയില്ല. ഹദ്റത്ത സാഹിബ് വന്നപ്പോൾ ആകെട്ടിടത്തിൽ താമസിച്ചുകൊണ്ടിരുന്ന എല്ലാവർക്കും അറിയിപ്പ് ലഭിച്ചു. അങ്ങിനെ ഉടനെ അവരെല്ലാവരും മുലാക്കാത്തിന് തയ്യാറെടുപ്പ് നടത്തി. ഖാൻസാഹിബ് എന്നെക്കുറിച്ച് പറഞ്ഞു. ഇദ്ദേഹം മീററ്റിൽ നിന്നാണ് വരുന്നത്. അങ്ങിനെ മറ്റു കാര്യങ്ങൾ സംസാരവിധേയമായി. കുറച്ച് കഴിഞ്ഞപ്പോൾ ളുഹർ അസർ നമസ്ക്കാരങ്ങൾ അനുഷ്ഠിക്കപ്പെട്ടു. അതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞു ബൈഅത്ത് ചെയ്യാൻ ആഗ്രഹിക്കുന്നവർ മുന്നോട്ടു വന്നാലും. അതുകേട്ടപ്പോൾ മറ്റൊരു സുഹൃത്ത് ഈ വിളംബരം ഉച്ചത്തിൽ കേൾപ്പിച്ചു. അങ്ങിനെ പലരും മുമ്പോട്ട്വന്നു. ഞാൻ ഏറ്റവും പിന്നിലായി. ഹുസൂർ ബൈഅത്ത് വാങ്ങുന്നതിനുമുമ്പെ പറഞ്ഞു. എന്റെ അടുത്ത് എത്താൻ കഴിയാത്തവർ ബൈഅത്ത് ചെയ്യുന്നവരുടെ തോളിൽ കൈവെച്ചുകൊണ്ട് ഞാൻ പറയുന്ന കാര്യങ്ങൾ ഏറ്റു പറയുക. അപ്പോഴും ഞാൻ ഒറ്റക്ക് പിന്നിലേക്ക് മാറി ഇരിക്കുകയായിരുന്നു. എനിക്ക് ബൈഅത്ത് ചെയ്യണമെന്ന ഉദ്ദേശമേ ഉണ്ടായിരുന്നില്ല. എന്റെ കൈ ബൈഅത്ത് ചെയ്യുന്നവരുടെ തോളിൽ വെച്ചിരുന്നില്ല. എന്നാൽ മസീഹ് മൗഊദ് ബൈഅത്ത് ചെയ്യിപ്പിക്കാൻ തുടങ്ങിയപ്പോൾ എന്റെ കൈ അനിയന്ത്രിതമായി ഉയർന്നു. എന്റെ മുമ്പിലുണ്ടായിരുന്ന വ്യക്തിയുടെ തോളിൽ കൈവച്ചു. അതോടൊപ്പം ബൈഅത്തിന്റെ വചനങ്ങൾ ഉരുവിടാൻ തുടങ്ങി. അദ്ദേഹം എഴുതുന്നു. എന്റെ കൈ ഒരിക്കലും ഞാൻ ഉദ്ദേശിച്ചതുകൊണ്ടല്ല ഉയർന്നതെന്ന് എനിക്ക് ശരിക്കും ഓർമ്മയുണ്ട്. സ്വയം അത് മുന്നോട്ടുപോകുകയാണ് ചെയ്തത്. ഹദ്റത്ത് മസീഹ് മൗഊദ് **റബ്ബി ഇന്നീ ള്ലലംമ്തു നഫ്സീ** എന്ന ദുആ ചൊല്ലിയപ്പോൾ എല്ലാവരും അത് ഏറ്റു പറഞ്ഞു. ഞാനും അതേറ്റു പറഞ്ഞു. എന്നാൽ അതിന്റെ അർത്ഥം ഹുസൂർ വിവരിക്കുകയും ബൈഅത്ത് ചെയ്യുന്നവർ ഏറ്റു പറയുക എന്നും പറഞ്ഞപ്പോൾ ആ വാക്കുകൾ ഞാൻ പറഞ്ഞപ്പോൾ എന്റെ തെറ്റുകൾ എന്റെ മുമ്പിൽ വരികയും ചെയ്തു. അപ്പോൾ വലിയ മാനസിക പ്രയാസം നേരിട്ടു. എന്നിട്ട് ഞാൻ പൊട്ടി പൊട്ടിക്കരയാൻ തുടങ്ങി. ഇതുകണ്ട് മറ്റുള്ളവർ അത്ഭുതത്തോടെ എന്നെ നോക്കി. കരഞ്ഞുകരഞ്ഞുകൊണ്ട് ഞാൻ ബോധരഹിതനായി വീണു. എന്ത് പറ്റി എന്നൊന്നും എനിക്കോർമ്മയില്ലായിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ ഹുസൂർ പറഞ്ഞു. അൽപം വെള്ളം കൊണ്ട് വരിക. വെള്ളം കൊണ്ടു വന്നു. എന്തോ ചൊല്ലിക്കൊണ്ട് ആ വെള്ളം എന്റെ ദേഹത്ത് കുടഞ്ഞു. ഇത് എന്നോട് പറഞ്ഞത് ഖാൻ സാഹിബാണ്. ബോധരഹിതനായപ്പോൾ ഞാൻ ഒരു സ്വപ്നം കണ്ടിരുന്നു. വിവിധ വർണ്ണങ്ങളോടുകൂടിയ പ്രകാശസ്തൂപങ്ങൾ ആകാശത്തുനിന്ന് ഭൂമിവരെ വ്യാപിച്ചുകിടക്കുന്നു. ഇതിനുശേഷം ആരെ എന്നെ പൊക്കിയെടുത്തു. ഞാൻ ഇരുന്നു. എന്നാൽ എന്റെ കണ്ണുനീരുകൾ നിന്നില്ലായിരുന്നു. എന്റെ അവസ്ഥ ആകെ മാറി മറിഞ്ഞു. ഞാൻ ഇടക്കിടക്ക് പൊട്ടിക്കരയുമായിരുന്നു. പിന്നീട് ഖാൻ സാഹിബ് എന്റെ പേരിൽ ബദ്റും റിവ്യൂവും വരുത്തിച്ചു. ബദ്റിൽ ഹുസൂറിന്റെ പരിശുദ്ധ വഹ്‌യുകൾ പ്രസിദ്ധപ്പെടുത്താറുണ്ടായിരുന്നു. അതിനോട് എനിക്ക് വലിയ താൽപര്യമായിരുന്നു. എന്റെ ആഗ്രഹം ഇതായിരുന്നു, പുതിയ വഹ്‌യുകൾ എനിക്ക് ആദ്യം അറിയാൻ കഴിഞ്ഞിരുന്നെങ്കിൽ. ജൽസസലാനയിൽ ദാറുൽ അമാൻ ഖാദിയാൻ സന്ദർശിക്കാൻ തുടങ്ങി. തുടർച്ചയായി പോയ്ക്കൊണ്ടിരുന്നു. ഹുസൂറിന്ന് ദുആക്ക് വേണ്ടി കത്തയക്കും. ഒരു കത്തിന് മറുപടി സ്വന്തം കൈപടത്തിൽ എഴുതിക്കൊണ്ട് എനിക്കയച്ചിരുന്നു. അത് എന്റെ കൈവശം ഉണ്ടായിരുന്നു. പിന്നീട് അത് എവിടെയോ കളഞ്ഞുപോയി.

ഹദ്റത്ത് മിസ്ത്തിരി അല്ലാദിത്ത, ഗുരുദാസ്പൂർ ജില്ലയിലെ സക്നബാബ്ദിയിലെ സദ്റുദ്ദീൻ സാഹിബിന്റെ മകനാണിദ്ദേഹം. 1894 ൽ ഇദ്ദേഹം ബൈഅത്ത് ചെയ്തു. ആ വർഷം തന്നെ ഹുസൂറിനെ കാണുകയും ചെയ്തു. മെഹർ അല്ലാ എന്നായിരുന്നു എന്റെ ഉസ്താദിന്റെ പേര്. عليه السلام വിശുദ്ധ ഖുർആൻ ഓതാൻ പഠിച്ചത് അദ്ദേഹത്തിൽ നിന്നായിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നത് ഇമാം മഹ്ദി വെളിപ്പെടാറായി, അദ്ദേഹത്തിന് നീ ബൈഅത്ത് ചെയ്യണം. ഖാദിയാനിൽ ഹദ്റത്ത് ഇമാം മഹ്ദി പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്ന് അറിഞ്ഞപ്പോൾ എന്റെ ഉസ്താദ് മെഹർ അല്ലാഹ് സാഹിബ് പറഞ്ഞതനുസരിച്ച് ഞാൻ ബൈഅത്ത് ചെയ്തു. ഞാൻ എന്റെ സഹോദരൻ റഹ്മത്തുല്ലാഹ് സാഹിബും ഖാദിയാനിൽ വന്ന് ആ കൈയ്യിൽ ബൈഅത്ത് ചെയ്തു. എപ്പോഴും ജുമുഅ നമസ്ക്കരിക്കാൻ ഖാദിയാനിൽ വരികയും ഹദ്റത്ത് മസീഹ് മൗഊദിന്റെ കൂടെ ജുമുഅ നമസ്ക്കരിക്കുകയും ചെയ്തുപോന്നു. ഹദ്റത്ത് സാഹിബ് പറയാറുണ്ടായിരുന്നു. നമ്മുടെ സുഹൃത്തുക്കൾ നിങ്ങളുടെ അടുത്ത് വന്നാൽ അവരെ വേണ്ട വിധ

ത്തിൽ സൽക്കരിക്കണം. മാസ്റ്റർ അബ്ദുറഹ്മാൻ സാഹിബ് ബി. എ. ഭാവടി അവിടെ വരാറുണ്ടായിരുന്നു. മുഫ്തി ഫള്ലുർറഹ്മാൻ സാഹിബും ഇടക്കിടക്ക് വരാറുണ്ടായിരുന്നു. ഹുസൂർ പറയുന്നതായി പലപ്പോഴും ഞാൻകേട്ടിട്ടുണ്ട്. നമ്മുടെപ്രസ്ഥാനം സത്യമാണ്. ഇതിന് ഒരിക്കലും പരാജയം ദർശിക്കേണ്ടിവരില്ല. വ്യാജം കുറച്ച്കാലമേ നില നിൽക്കുകയുള്ളൂ സത്യം നിത്യവും നിലനിൽക്കും. കുറച്ച് ഭൂപ്രഭൂക്കൾ ഖാദിയാനിൽ വന്നിരുന്നു. ചൂടുകാലമായിരുന്നു. പകൽ 8 മണി സമയം ഹദ്റത്ത് സാഹിബ് പാചകക്കാരനോട് പറഞ്ഞു. അവർക്ക് വല്ല ഭക്ഷണവും നൽകുക. പാചകക്കാരൻ പറഞ്ഞു. രാത്രിയിൽ ബാക്കി വന്ന കുറച്ച് റൊട്ടിയുണ്ട്. ഹുസൂർ പറഞ്ഞു. പ്രശ്നമില്ല അതെങ്കിൽ അത്കൊണ്ട് വരൂ. രാത്രിയിലെ റൊട്ടി കൊണ്ടുവന്നു. ഹുസൂറും അവരുടെ കൂടെയിരുന്ന് കഴിച്ചു. അതിഥികളും അത് കഴിച്ചു. അതിഥികൾ അഢ്വാൾ എന്ന തങ്ങളുടെ ഗ്രാമത്തിലേക്ക് തിരിച്ചുപോകുകയായിരുന്നു. ഹുസൂർ പറഞ്ഞു. നേരത്തെ പാചകം ചെയ്ത് വെച്ച ഭക്ഷണം ബാക്കിയുള്ളത് കഴിക്കുന്നതും സുന്നത്താണ്.

ഹദ്റത്ത് മിയാൻ ബക്ശ് സാഹിബ് رضي الله عنه ശറഫുദ്ദീൻ സാഹിബ് ടൈലർ ഗുജ്റാൻ വാലയുടെ മകൻ എഴുതുന്നു. 1897 ലോ 98 ലോ ആണ് ഞാൻ ഹദ്റത്ത് മസീഹ് മൗഊദിന്റെ കൈയ്യിൽ ബൈഅത്ത് ചെയ്തത്. എന്നാൽ എന്റെ പിതാവിനോട് കുറച്ച്കാലം വരെ ഇത് പറഞ്ഞിരുന്നില്ല. എത്രകാലം വരെ ഇത് മറച്ചുവെക്കാൻ സാധിക്കും. ഈ രഹസ്യം പുറത്തറിഞ്ഞപ്പോൾ പിതാവ് എന്നെ വീട്ടിൽ നിന്നും പുറത്താക്കി. ഞാൻ റാസിഖായ അല്ലാഹുവിൽ തവക്കുൽ ചെയ്തുകൊണ്ട് ഒരു കട വാടകക്കെടുത്തു. സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിരുന്നു. എന്നാലും ഹുസൂറിന് വേണ്ടി കഴിവനുസരിച്ച് തുണി വാങ്ങി ഒരു വസ്ത്രം സ്വന്തം കൈകൊണ്ട് നെയ്ത് കൊടുക്കണം എന്ന അതിയായ ആഗ്രഹമുണ്ടായിരുന്നു. ഇതിനായി മല്ലിന്റെ ഒരു കുർത്തയും ഒരു സൽവാറും ഒരു വെള്ള കോട്ടും മല്ലിന്റെ ഒരു തലപ്പാവും വാങ്ങി സ്വന്തം നെയ്ച്ച് തയ്യാറാക്കി. എന്നിട്ട് ഖാദിയാനിൽ എത്താനുള്ള പണം സ്വരുക്കൂട്ടി അവിടേക്ക് പോയി. അടുത്ത ദിവസം വെള്ളിയാഴ്ചയായിരുന്നു. എന്റെ ഈ സമ്മാനം ഹുസൂറിന്റെ തിരുസന്നിധിയിൽ ഇന്ന് തന്നെ എത്തിയിരുന്നെങ്കിൽ നാളെ ജുമുഅക്ക് പോകുന്നതിനുമുമ്പ് ഹുസൂർ ഇത് ധരിച്ച് ഈ പാവത്തിനെ ആദരിക്കുമായിരിക്കാം എന്ന് എന്റെ മനസ്സിൽ ഞാൻ ആഗ്രഹിച്ചു. ഈ ചിന്തയിൽ ഖാസി സിയാദുദ്ദീൻ സാഹിബിന്റെ കടയിൽ ഞാൻ ചെന്നു. എന്റെ ഹൃദയാഭിലാഷം ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ വിവരിച്ചു. അത് കേട്ട പാടെ അദ്ദേഹം പറഞ്ഞു. എങ്കിൽ ഉടനെ എന്റെ കൂടെ വരിക. ഞാൻ താങ്കളെ ഹുസൂറിന്റെ അടുത്തെത്തിക്കാം. അദ്ദേഹം അപ്പോൾ തന്നെ എഴുന്നേറ്റ് ഹുസൂറിന്റെ തിരുസന്നിധിയിൽ എന്നെ എത്തിച്ചു. അവിടെ ഒരു പലകയിൽ ഹുസൂർ ഇരുന്ന്കൊണ്ട് എന്തോ എഴുതുകയായിരുന്നു. ഖാജാ കമാലുദ്ദീൻ സാഹിബ് അദ്ദേഹത്തിന്റെ മുമ്പിൽ ഒരു പായ വിരിച്ച് ഇരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾരണ്ടുപേരും ഖാജാസാഹിബിന്റെ അടുത്ത് ചെന്നിരുന്നു. ഖാജാസാഹിബ് ചോദിച്ചു. ഇപ്പോൾ വന്നതിന്റെ ഉദ്ദേശമെന്താണ്. ഖാസി സാഹിബ് എന്റെ ആഗ്രഹം അദ്ദേഹത്തോട് പറഞ്ഞു. ഖാജാ സാഹിബ് അൽപനേരം മൗനിയായിരുന്നതിനുശേഷം എന്നോട് പറഞ്ഞു. ഞാൻ താങ്കൾക്ക് വേണ്ടി ശുപാർശ ചെയ്യട്ടെ. ഞാൻ പറഞ്ഞു. എങ്കിൽ ഇത് താങ്കളുടെ ഔദാര്യമായി ഞാൻ കണക്കുകൂട്ടുന്നതാണ്. അപ്പോൾ ഖാജാ എന്റെ കയ്യിൽ നിന്ന് വസ്ത്രം വാങ്ങി ഹുസൂറിന്റെ സമക്ഷം സമർപ്പിച്ചു. അതോടൊപ്പം പറഞ്ഞു. ഹുസൂർ ഈ കുട്ടിയുടെ ആഗ്രഹം ഹുസൂർ ജുമുഅക്ക് ഈ വസ്ത്രം ധരിക്കണമെന്നാണ്. ഖാജാസാഹിബിന്റെ വാക്കുകൾ കേട്ട് ഹുസൂർ ആ വസ്ത്രം ഇട്ടുനോക്കി. കോട്ട് ഇട്ടുനോക്കി. അത് ഇടുങ്ങിയതായിരുന്നു. ഞാൻ പറഞ്ഞു. ഹുസൂർ കോട്ട് വളരെ ടൈറ്റാണ് അത് അഴിച്ചുതന്നാൽ ഞാൻ അത് വീതി കൂട്ടിത്തരാം. ഹുസൂർ കോട്ടൂരി എനിക്ക് തന്നു. ഞാൻ ഉടനെ എഴുന്നേറ്റ് അങ്ങാടിയിൽ പോയി ഒരു ടൈലറുടെ അടുത്തിരുന്ന് കോട്ടിന്റെ തുന്നഴിച്ച് വീതി കൂട്ടി ഹുസൂറിന്ന് നൽകി. ഹുസൂർ കോട്ട് ധരിച്ചെങ്കിലും ഇപ്പോഴും ബട്ടൻ പൂർണ്ണമായും ഇടാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ വലിച്ചു നീട്ടി ഹുസൂർ ബട്ടൻ ഇട്ടു. ഈ വസ്ത്രം ഹുസൂറിന്റെ അന്തസ്സിന് ചേർന്നതാണോ എന്നൊന്നും നോക്കാതെ അത് ധരിക്കുകയാണുണ്ടായത്.

ഹദ്റത്ത് മാസ്റ്റർ ഖലീലുർറഹ്മാൻ സാഹിബ് ചേമ്പർ എഴുതുന്നു. ജമ്മുവിലെ ആലം സാഹിബിന്റെ മകനാണിദ്ദേഹം. 1929 ൽ പെൻഷൻ വാങ്ങി ഞാൻ ഖാദിയാനിൽ വന്നു. 1907 ൽ ജൽസസാലാനയിൽ പ്രസംഗിക്കാൻ മസ്ജിദ് അഖ്സയിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام വന്നപ്പോൾ പള്ളി നിറഞ്ഞുകവിഞ്ഞിരുന്നു. സ്ഥലം അൽപംപോലും കാലിയുണ്ടായിരുന്നില്ല. ഹുസൂറിന്റെ അടുത്ത് മിർസ യഅ്ഖൂബ് ബേഗ് സാഹിബും ഉണ്ടായുരുന്നു. അദ്ദേഹത്തിന്റെ കക്ഷത്ത് മുസല്ല ഉണ്ടായിരുന്നു. ഹുസൂർ പറഞ്ഞു. ജനങ്ങളുടെ ചെരുപ്പ് മാറ്റി അവിടെത്തന്നെ മുസല്ല വിരിക്കുക. ഡോക്ടർ സാഹിബ് മുസല്ല വിരിച്ചു. അതിന്റെ വടക്ക് ഭാഗത്ത് ഡോക്ടർ സാഹിബും അദ്ദേഹത്തിന്റെ ഇടതുഭാഗത്ത് മസീഹ് മൗഊദ് عليه السلام ഉം മസീഹ് മൗഊദിന്റെ ഇടതു ഭാഗത്ത് ഈ വിനീതനും നമസ്ക്കരിച്ചു. اَلْحَمْدُ لِلّٰهِ , اَلْحَمْدُ لِلّٰهِ

ആ ദിവസം ജരിയുല്ലാഹ് ആയ ഹദ്റത്ത് മസീഹ് മൗഊദിന്റെ പ്രസംഗം മറ്റെല്ലാ പ്രസംഗങ്ങളേക്കാളും അവസാനമായിരുന്നു. ചുരുങ്ങിയത് അഞ്ച് മണിക്ക് ശേഷമാണ് ഹുസൂർ പ്രസംഗിച്ചത്. മുമ്പുള്ള പ്രസംഗകരുടെ പ്രസംഗം ഒന്നും ഞാൻ ശ്രദ്ധിച്ചിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ രൂപഭംഗിയിലും പ്രശോഭിതമായ മുഖകാന്തിയിലുമായി ഞാൻ കണ്ണും നട്ട് നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഞാൻ തേങ്ങലടിച്ചു കരഞ്ഞുകൊണ്ടിരുന്നു. ഇതിനുള്ള കാരണം പിന്നീടെനിക്ക് മനസ്സിലായത് എന്റെ ജീവിതത്തിൽ ഇതിനുശേഷം എനിക്ക് മസീഹ് മൗഊദിനെ കാണാൻ സാധിക്കുമായിരുന്നില്ല. അതിനാൽ ആ ദിവസം അഞ്ചു മണിക്കൂർ കണ്ണിമവെട്ടാതെ ഹുസൂറിനെതന്നെ നോക്കിക്കൊണ്ടേയിരുന്നു. അല്ലാഹുവാണെ സത്യം മറ്റുള്ളവരുടെ പ്രസംഗം എനിക്ക് ഓർമ്മയേ ഇല്ല. ഈ അവസരത്തിലെല്ലാം ഞാൻ പൊട്ടിപൊട്ടിക്കരയുകയായിരുന്നു. സ്നേഹത്താൽ തേങ്ങിക്കരഞ്ഞുകൊണ്ടിരുന്നു. اَلْحَمْدُ لِلّٰهِ ഹുസൂറിന്റെ സമയമായപ്പോൾ ഹുസൂർ സ്റ്റേജിലേക്ക് വന്നു. സൂറത്തുൽ ഫാത്തിഹായുടെ മനോഹരമായ വ്യാഖ്യാനം കേൾപ്പിച്ചു.

ഇന്ന് മഞ്ഞ് വീഴ്ച കാരണം ട്രാഫിക് കൂടുതൽ ഉള്ളതുകൊണ്ട് ഞാൻ വൈകിപ്പോയി. നേരത്തെ പുറപ്പെട്ടതായിരുന്നു. ജുമുഅ തുടങ്ങിയതിന് ശേഷം ഇപ്പോൾ വെയിൽ വന്നിട്ടുണ്ട്. അൽപംകൂടി ക്ഷമയോടെ കാത്തിരിക്കുക. പൂർണ്ണമല്ലെങ്കിലും സമയം കുറച്ച് കൂടുതൽ എടുക്കുന്നതാണ്.

ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് رضي الله عنه ചാന്തിനിയാൽ തഹ്സീൽ മസ്റൂർ സിയാൽകോട്ട് ഇപ്രകാരം എഴുതുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വിനീതൻ ഹദ്റത്ത് മസീഹ് മൗഊദിന്റെ സ്വഹാബാക്കളിൽ പെട്ടവനാണ്. 1901 ലോ 1902 ലോ ആണ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കയ്യിൽ ബൈഅത്ത് ചെയ്തത്. ഒരാഴ്ച ഹുസൂറിന്റെ അടുത്ത് ഞാൻ താമസിച്ചു. മഗ്രിബ് നമസ്ക്കാരത്തിന്

ശേഷം പൊതുവിൽ ആ മഹാത്മാവ് പള്ളിയിൽ ഇരിക്കുമ്പോൾ അദ്ദേഹത്തിന്റെ കാലുകൾ തടവിക്കൊടുക്കുമായിരുന്നു. ഞങ്ങളെ അതിൽ നിന്നും തടഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ മുഖകമലം കണ്ടമാത്രയിൽ തന്നെ മൗലവിമാർ പറഞ്ഞുപരത്തിയ കുപ്രചരണങ്ങളെല്ലാം പമ്പകടക്കുമായിരുന്നു. വാഗ്ദത്ത മഹ്ദിയുടെ മുഖം നക്ഷത്രത്തെ പ്പോലെ തിളങ്ങിക്കൊണ്ടിരിക്കുമെന്ന് ഞാൻ കേട്ടിരുന്നു. ഞാൻ അങ്ങിനെതന്നെയാണ് കണ്ടതും. ആ മുഖം ദർശിച്ച മാത്രയിൽ എന്റെ എല്ലാ സംശയങ്ങളും ദുരീകരിക്കപ്പെടുകയുണ്ടായി.

കറംദീൻ അദ്ദേഹത്തിനെതിരിൽ കേസ്സ് കൊടുക്കുകയും ചന്തൂലാൽ മജിസ്ട്രേറ്റിന്റെ കോടതിയിൽ ഈ കേസ്സ് വരികയും ചെയ്തു. മസീഹ് മൗഊദ് എന്തുതന്നെയായാലും അറസ്റ്റ് ചെയ്യപ്പട്ട് ജയിലിൽ അടക്കപ്പെടുമെന്ന പ്രചാരം ശക്തമാകുകയും ചെയ്തിരുന്നു. ഹുസൂർ പറഞ്ഞു.''ഞാൻ ജയിലിൽ പോകുമെന്ന് കിംവദന്തി ജനങ്ങൾ പറഞ്ഞുപരത്തിയിരിക്കുന്നു. എന്നാൽ നമ്മുടെ അല്ലാഹു പറയുന്നത്.സഹാബത്തിന് ബദറിൽ ലഭ്യമായതുപോലുള്ള വിജയം നിനക്ക് ഞാൻ നൽകുന്നതാണ്. അദ്ദേഹത്തിന്റെ ആ വാക്കുകൾ ചെവിയിൽ ഇപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുകയാണ്.''

ഹദ്റത്ത് റഹ്മത്തുല്ലാഹ് സാഹിബ് നവ അഹ്മദി പെൻഷനർ എഴുതുന്നു. എന്റെ പേര് റഹ്മത്തുല്ലാഹ് എന്നാണ് ലുധിയാന നിവാസിയാണ്. അല്ലാഹു തന്റെ പ്രത്യേക കാരുണ്യത്താൽ എന്നെ തിരഞ്ഞെടുത്തു. ഹുസൂറിന്റെ ദാസത്വത്താൽ അനുഗ്രഹിച്ചു. ഇതില്ലായിരുന്നെങ്കിൽ ഞാൻ എവിടെ. ഹുസൂർ എവിടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) കുറച്ചുകാലം ലുധിയാനയിൽ താമസിച്ചു. അന്നെനിക്ക് വയസ്സ് 17 ഓ 18 ഓ ആയിരുന്നു. പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞാൻ സമയാസമയങ്ങളിൽ ഹുസൂറിന്റെ സവിധത്തിൽ ഹാജരാകാറുണ്ടായിരുന്നു. ഹുസൂറിന്റെ മുഖത്ത് നിന്ന് പ്രസരിച്ചുകൊണ്ടിരുന്ന ആ പ്രകാശം എനിക്ക് കാണാമായിരുന്നു. അതുകൊണ്ട് എന്റെ ഹൃദയം എന്നെ നിർബന്ധിച്ചുകൊണ്ട് പറയിപ്പിച്ചു. ഇത് കള്ളവാദിയുടെ മുഖമല്ല. എന്നാൽ ചുറ്റുമുള്ള മൗലവിമാർ എന്നെ സംശയത്തിലാക്കിക്കൊണ്ടിരുന്നു. ഈ അവസരത്തിലാണ് ഹുസൂറിന്റെ സംവാദം മുഹമ്മദ് ഹുസൈൻ ബട്ടാലവിയുമായി ലുധിയാനയിൽ അരങ്ങേറിയത്. അതിൽ ഞാനും പങ്കെടുത്തിരുന്നു. എന്നെ ഹിദായത്തിനായി അല്ലാഹു എനിക്ക് ഇസാലെ ഔഹാം എന്ന പുസ്തകത്തിന്റെ രണ്ട് ഭാഗങ്ങളും അയച്ചുതന്നു. അത് പ്രകാശത്താലും മാർഗ്ഗദർശനത്താലും അടിമുടി നിറഞ്ഞിരുന്നു. അല്ലാഹു വിന്നറിയാം ഞാൻ പലപ്പോഴും പല രാത്രികളിലും ഉറങ്ങാതെ പുസ്തകം വായിച്ചുകൊണ്ടിരുന്നു. പുസ്തകം വായിക്കുമ്പോൾ ചിലപ്പോൾ മയങ്ങിപ്പോയിട്ടുണ്ടാകും. ഞാൻ പലവട്ടം വായിച്ച് കരയും. എന്നിട്ട് അല്ലാഹുവിനോട് ദുആ ചെയ്യു. അല്ലാഹുവേ എന്താണ് ഞാനീ കാണുന്നത്. മൗലവിമാർ എന്തിനാണ് ഖുർആനെ ഉപേക്ഷിക്കുന്നത്. എന്റെ ഹൃദയത്തിൽ പ്രേമത്തിന്റെ അഗ്നി ആളിക്കത്താൻ തുടങ്ങിയിരിക്കുന്നു എന്ന് അല്ലാഹുവിന്നറിയാം. മൗലവി റശീദ് അഹ്മദ് സാഹിബ് ഗംഗോയിക്ക് ഞാനൊരു കത്തയച്ചു. ഹദ്റത്ത് മിർസാ സാഹിബ് ഈസാനബിയുടെ മരണം മുപ്പത് ആയത്തുകൾ കൊണ്ടാണ് തെളിയിച്ചിരിക്കുന്നത് ദയവ് ചെയ്ത ഈസാനബി ജീവിച്ചിരിക്കുന്നുണ്ടെന്നതിന് തെളിവായി ഉദ്ധരിക്കുന്ന ആയത്തുകളും ഹദീസുകളും എനിക്കൊന്നയച്ചുതരിക. അതോടൊപ്പം ഹദ്റത്ത് മിർസാ സാഹിബ് എഴുതിയിട്ടുള്ള 30 ആയത്തുകളെ ഖണ്ഡിച്ച്കൊണ്ട് അതിനുള്ള മറുപടിയും എനിക്ക് അയച്ചുതരിക. അതെല്ലാം ഞാൻ പ്രസിദ്ധീകരിക്കുന്നതാണ്. മറുപടി വന്നത് ഇപ്രകാരമാണ്. ഈസാനബിയുടെ ജീവിതമരണത്തെക്കുറിച്ച് ഹദ്റത്ത് മിർസാ സാഹിബിനോടൊ അദ്ദേഹത്തിന്റെ ശിഷ്യൻമാരോടൊ നിങ്ങൾ ചർച്ച ചെയ്യരുത്. അധികം ആയത്തുകളിലും മരണത്തെക്കുറിച്ചാണ് സൂചന ലഭിക്കുന്നത്. (വിശുദ്ധ ഖുർആനിൽ മരണത്തെക്കുറിച്ചാണ് കൂടുതലും ഉള്ളത്) ഇത് തർക്ക വിഷയമാണ്. മിർസാ സാഹിബ് വാഗ്ദത്ത മസീഹാകുന്നത് എങ്ങനെ എന്ന കാര്യത്തിലാണ് ചർച്ച ചെയ്യേണ്ടത്. മറുപടിയായി ഞാനെഴുതി. ഈസാ عليه السلام മരിച്ചിട്ടുണ്ടെങ്കിൽ ഹദ്റത്ത് മിർസാ സാഹിബ് സത്യവാനാണ്. മറുപടി വന്നത് ഇപ്രകാരം. താങ്കളിൽ മിർസാ സാഹിബിന്റെ മാന്ത്രിക വലയം സ്വാധീനിച്ചിരിക്കുകയാണ്. ഞാൻ ദുആ ചെയ്യുന്നതാണ്. മറുപടിയായി ഞാനെഴുതി. താങ്കൾ താങ്കൾക്ക് വേണ്ടി ദുആ ചെയ്താലും. പിന്നീട് ഞാൻ ദൈവ സവിധത്തിൽ വീണുകൊണ്ട് ദുആ ചെയ്തു. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അങ്ങിനെ അർശിനെ ഞാൻ കുലുക്കിക്കളഞ്ഞു. ഞാൻ റബ്ബിനോട് ഇപ്രകാരം ഇരന്നു. നാഥാ നിന്റെ പ്രീതിയാണ് എനിക്ക് വേണ്ടത്. എന്റെ എല്ലാ അഭിമാനവും നിനക്കായി ത്യജിക്കാൻ ഞാൻ തയ്യാറാണ്. എല്ലാ നിന്ദ്യതയും സ്വീകരിക്കാനും തയ്യാറാണ്. നീ എന്നോട് കരുണ കാണിക്കേണമേ. ഏതൊരുവന്റെ കയ്യിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ സത്യം. 1893 ഡിസംബർ 25-ാം തീയ്യതി പുലർച്ചെ നാല് മണിക്ക് തിങ്കളാഴ്ച എനിക്ക് തിരുദൂതർ ﷺ യുടെ സിയാറത്ത് (കൂടിക്കാഴ്ച) ലഭിക്കുകയുണ്ടായി. ആ സ്വപ്നത്തിന്റെ വിശദീകരണം ഇപ്രകാരമാണ്. ഞാൻ നമസ്ക്കാരത്തിനായി ഭേരമി എന്ന സ്ഥലത്തിരുന്ന് വുളു ചെയ്യുകയായിരുന്നു. ആരോ എന്നോട് വന്ന് പറഞ്ഞു. റസൂലെ അറബി ﷺ ആഗതനായിട്ടുണ്ട്. ഇനി ഈ നാട്ടിലാണ് താമസിക്കുക. ഞാൻ പറഞ്ഞു. എവിടെ പറയപ്പെട്ടു. ഈ കാണുന്ന കൂടാരങ്ങളും തമ്പുകളും തിരുദൂതരുടേതാണ്. ഞാൻ വേഗം നമസ്ക്കരിച്ചതിനുശേഷം അവിടെചെന്നു. ഹുസൂർ ചില സഹാബത്തിനോടൊപ്പം ഇരിക്കുകയാണ്. ഞാൻ സലാം ചൊല്ലി. എനിക്ക് മുലാഖാത്ത് അനുവദിച്ചു. ഞാൻ അടുത്ത് തന്നെ ഇരുന്നു. ഹുസൂർ അറബിയിലാണ് പ്രസംഗിക്കുന്നത്. എന്റെ കഴിവനുസരിച്ച് എനിക്ക് മനസ്സിലാകുന്നുണ്ടായിരുന്നു. പിന്നീട് ഉറുദുവിൽ സംസാരിക്കാൻ തുടങ്ങി പറഞ്ഞു. ഞാൻ സത്യവാനാണ്. എന്നെ കളവാക്കിത്തള്ളരുത്. എന്നിവ അദ്ദേഹം എഴുതുന്നു, **ആമന്നാ വ സ്വദ്ദഖ്നാ** അവിടെയുള്ള ഗ്രാമം മുഴുവനും മുസ്ലിംകളായിരുന്നു. ഇതെന്താണെന്ന് അത്ഭുതപ്പെട്ട് ഞാൻ നോക്കിക്കൊണ്ടിരുന്നു. ഇന്ന് മുസ്ലിംകൾക്ക് ഖുർബാൻ നൽകാനുള്ള ദിനമായിരുന്നു. ഹുസൂറിന്റെ പ്രാരംഭകാലഘട്ടമാണിത്. അപ്പോൾ എനിക്ക് അറിയിപ്പ് ലഭിച്ചു. ഹുസൂർ ഇവിടെതന്നെ ഉണ്ടാകും. എന്നാൽ ഹുസൂർ അവിടെ നിന്നും പുറപ്പെടാൻ കൽപിച്ചു. ഞാൻ കരഞ്ഞുകൊണ്ട് പറഞ്ഞു. ഹുസൂർ പോകുകയാണോ എനിക്ക് ഇനി എങ്ങനെ കാണാൻ സാധിക്കും. എന്റെ തോളിൽ തട്ടിക്കൊണ്ട് തിരുദൂതർ പറഞ്ഞു. ഭയപ്പെടേണ്ട കാര്യമില്ല ഞാൻ നേരിൽ വന്ന് കാണുന്നതാണ്. അദ്ദേഹം പറയുന്നത്. ഇത് സംബന്ധമായി എനിക്ക് മനസ്സിലായത് ഹദ്റത്ത് മിർസാ സാഹിബ് റസൂലെ അറബിയുടെ പ്രതിനിധിയാണെന്ന് പ്രകടമായി എനിക്ക് കാണിച്ചുതരികയാണ് ചെയ്തിരിക്കുന്നത്. ഞാൻ ഉടനെ ബൈഅത്തിനുള്ള കത്തയച്ചു. 1898 ഡിസംബർ 27 ന് ഖാദിയാനിൽ പോയി. മഗ്രിബ് നമസ്ക്കാരാനന്തരം നേരിട്ട് കയ്യിൽ ബൈഅത്ത് ചെയ്യാനുള്ള അവസരം ലഭിക്കുകയുണ്ടായി. അല്ലാഹുവിന്റെ ഫള്ൽ കാരണം ഒരു പരീക്ഷണവും തന്നെ എന്നെ മാർഗ്ഗഭ്രംശം വരുത്താത്ത രീതിയിലുള്ള സ്ഥിരത എനിക്ക് പ്രദാനം ചെയ്തു. ഇതെല്ലാം തന്നെ ഹുസൂറിന്റെ സാന്നിധ്യത്താൽ ലഭിച്ചതാണ്. ഇതെനിക്ക് പലപ്പോഴായി ലഭിച്ചിട്ടുണ്ട്. ഈ കൈകൾക്ക് ഹുസൂറിനെ തടവിക്കൊടുക്കാനുള്ള സൗഭാഗ്യവും ലഭി

ച്ചിട്ടുണ്ട്. എനിക്ക് ബൈഅത്തിന് ശേഷം വിവിധ തരം പ്രയാസങ്ങളിലൂടെ കടന്നുപോകേണ്ടിവന്നെങ്കിലും അല്ലാഹു എന്നെ സംരക്ഷിച്ചു എന്ന് മാത്രമല്ല ആ നഷ്ടത്തെക്കാളും കൂടുതൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊണ്ട് അല്ലാഹു എന്നെ അനുഗ്രഹിക്കുകയും എന്റെ സഹോദരനും മാതാപിതാക്കളും അടുത്ത ബന്ധുക്കളിൽ പലരും അഹ്മദിയ്യത്തിൽ പ്രവേശിക്കുകയും ചെയ്തു. اَلْحَمْدُلِلّٰہِ

ഹദ്റത്ത് മൗലവി ഫതഹ് അലി സാഹിബ് എഴുതുന്നു. 1904ൽ എന്റെ ഭാര്യമക്കളടക്കം വന്ന് മസീഹ് മൗഊദിന്റെ കൈയ്യിൽ ബൈഅത്ത് ചെയ്തു. ഓരോ വർഷവും ഞാൻ എന്റെ കുടുംബത്തോടൊപ്പം ഹുസൂറിന്റെ അടുത്ത് ഹാജറാകുമായിരുന്നു. ഹുസൂർ പുറത്തേക്ക് വരുമ്പോൾ ഞങ്ങൾ അഞ്ചാറു പേർ ഹുസൂറിന്റെ അടുത്തിരിക്കും. ഹുസൂറിന്റെ അനുഗ്രഹീത വാക്കുകളിൽ നിന്നും പ്രയോജനമെടുക്കുമായിരുന്നു. ഒന്നുരണ്ട് പ്രാവശ്യം ദുആക്കായും അപേക്ഷിച്ചു. അന്ന് അഞ്ചാറുപേർക്ക് മാത്രം നിൽക്കാൻ കഴിഞ്ഞിരുന്ന ആ ചെറിയ പള്ളിയായിരുന്നു മസ്ജിദ് മുബാറക്ക്. പിന്നീട് അത് വികസിപ്പിച്ചു. ഞങ്ങളുടെ പള്ളി ഇമാം കരംദാസ് സാഹിബ് ഒരിക്കൽ പറഞ്ഞു. ഹുസൂർ ഞങ്ങളുടെ പള്ളിയിൽ നേരത്തെ ഒരു ഇമാം സയ്യിദ് ജാഫർ ശാ സാഹിബ് ഉണ്ട്. അദ്ദേഹം ഹുസൂറിനെ അംഗീകരിക്കുന്നുണ്ടെങ്കിലും അന്യരുടെ ജനാസയിലും നമസ്ക്കാരത്തിലുമെല്ലാം അവരെ പിൻതുടരാറുണ്ട്. ഞാൻ പറഞ്ഞു. അദ്ദേഹത്തിന് താങ്കളോട് വളരെ ആഴത്തിലുള്ള വിശ്വാസമാണ്. ഒരിക്കൽ എന്നോട് കത്തെഴുതിപ്പിച്ചു. അതിൽ എഴുതാൻ പറഞ്ഞു. ഞാൻ ഹുസൂറിന്റെ നായ്ക്കളുടെ പോലും അടിമയാണ്. വല്ല ഏറ്റക്കുറച്ചിലും വല്ലപ്പോഴും വന്നിട്ടുണ്ടെങ്കിൽ ഹുസൂർ മാപ്പാക്കണം. ഇത് കേട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് عَلَیْہِ السَّلَام പറഞ്ഞു. അദ്ദേഹം ഭൗതിക ആർത്തി കാരണമായോ ഭയം കാരണമായോ ആണ് അന്യരുടെ പിന്നിൽ ജനാസയിൽ പങ്കെടുക്കുന്നതും നമസ്ക്കരിക്കുന്നതും. ഇങ്ങിനെയാണെങ്കിൽ അദ്ദേഹം നമ്മെ അംഗീകരിച്ചത് എപ്പോഴാണ്. അദ്ദേഹത്തിന്റെ പിന്നിൽ നിങ്ങൾ നമസ്ക്കരിക്കരുത്. അദ്ദേഹം ടൈലറായിരുന്നു. ഞാൻ തയ്യിൽ മിഷ്യൻ വരുത്തിച്ചു. എട്ടുപത്ത് വയസ്സുള്ള ശരീഫ് അഹ്മദ് സാഹിബിന്ന് തണുപ്പുകാലത്ത് ധരിക്കാനുള്ള കോട്ട് തയ്യാറാക്കി കൊടുത്തു. ഞങ്ങൾ ദൽമിയാൽ എന്ന സ്ഥലത്ത് നിന്നാണ് വന്നിരുന്നത്. ഞങ്ങളുടെ സ്ത്രീകൾ പറഞ്ഞു. ഞങ്ങൾക്ക് പത്ത് പന്ത്രണ്ട് മൈൽ ദൂരം കാൽനടയായി സഞ്ചരിക്കേണ്ടി വരുന്നു. അതിനാൽ ഞങ്ങളുടെ ബെഡ്ഡും മറ്റു വസ്തുക്കളും കൊണ്ടുവരാൻ ഞങ്ങൾക്ക് കഴിയില്ല. ഹദ്റത്ത് മസീഹ് മൗഊദ് عَلَیْہِ السَّلَام പറഞ്ഞു, ഹാമിദലി ദൽമിയാലിൽ നിന്നു വരുന്നവർക്ക് കിടക്കാനുള്ള ബെഡ്ഡും മറ്റു വസ്തുക്കളും നൽകുക.

ഹുസൂറിന്റെ ക്ഷമയെക്കുറിച്ചുള്ള ഒരു സംഭവം ഇപ്രകാരം എഴുതുന്നു. ഞങ്ങൾക്ക് വല്ല അസുഖവും വരുമ്പോൾ ഹുസൂറിനോടാണ് മരുന്ന് ആവശ്യപ്പെട്ടിരുന്നത്. ഒരിക്കൽ എന്റെ മകൻ അബ്ദുൽ അസീസ് മർഹൂം ഏഴെട്ട് വയസ്സ് പ്രായമായിരുന്നു. അദ്ദേഹം എന്റെ കൂടെ ഖാദിയാനിൽ വന്നുകൊണ്ടിരുന്നു. ഹുസൂറിന്റെ ഉറുദു പദ്യങ്ങൾ നല്ല ഈണത്തിൽ ചൊല്ലുമായിരുന്നു. സമ്മേളനങ്ങളിലും അതേപോലെ വീട്ടിൽ ഹുസൂറിനടുത്തും. ഹുസൂർ അവനെ വളരെയധികം സ്നേഹിച്ചിരുന്നു. ദുൽമിയാനിലുള്ളവരുടെ കത്തുകളെല്ലാം ഇവർ തന്നെയാണ് അകത്ത് കൊണ്ടുപോയികൊടുത്തിരുന്നത്. ഒരിക്കൽ മുഹമ്മദലി എന്ന ഒരാൾ ഒരു കത്ത് ഒരു പ്രത്യേക കാര്യത്തിന് എഴുതി അബ്ദുൽ അസീസിന് കൊടുത്ത്കൊണ്ട് പറഞ്ഞു. ഇത് ഹുസൂറിന് കൊടുത്തു വരിക. വീട്ടിൽ പോകാനുള്ള അനുവാദം ചോദിച്ചുവരിക. പ്രഭാതമായിരുന്നു. ഹുസൂർ സുബ്ഹി നമസ്ക്കരിച്ച് കുട്ടികളോടൊത്ത് റസായി പുതച്ച് കിടക്കുകയായിരുന്നു. ഇദ്ദേഹവും കുട്ടിയായിരുന്നു. ഹുസൂർ വിശ്രമിക്കുകയാണ് ഉടനെ അവിടെ പോകാൻ പാടില്ലെന്ന മര്യാദയൊന്നും കുട്ടിക്കറിയില്ലായിരുന്നു. ഹുസൂർ പലപ്പോഴും സുബഹിക്ക് ശേഷം അൽപം വിശ്രമിക്കാറുണ്ടായിരുന്നു. ഈ കുട്ടി കത്തുമായി അകത്ത് പ്രവേശിച്ച് ഹുസൂർ പുതച്ചിരുന്ന റസായി മുഖത്ത് നിന്ന് മാറ്റി ആ കത്ത് കൊടുത്തു. എന്നിട്ട് നാട്ടിലേക്ക് പോകാൻ അനുവാദം വാങ്ങുകയും ചെയ്തു. അദ്ദേഹം എഴുതുന്നു. എന്റെ മാതാപിതാക്കൾ ആ മഹാത്മാവിൽ തെണ്ടമായിരിക്കട്ടെ. ഹുസൂറിന്റെ മുഖത്ത് കോപത്തിന്റെ ഒരടയാളവും ദൃശ്യമായില്ല. ഞാൻ വിശ്രമിക്കുമ്പോൾ ശല്ല്യപ്പെടുത്താൻ വന്നിരിക്കയാണോ എന്നൊന്നും ചോദിക്കാതെ അനുവാദമുണ്ടെന്ന് പറയുക എന്നാണ് പറഞ്ഞത്. ഇതാണ് ഹുസൂറിന്റെ അത്യുദാത്തമായ ധാർമ്മിക ഗുണം. ഇതാണ് മാനവസമൂഹത്തെ അദ്ദേഹത്തിലേക്ക് ആകർഷിച്ചത്.

ഹദ്റത്ത് ബാവർ ശാ സാഹിബ്, ശേഖ് മുഹമ്മദ് സാഹിബ് അമ്പാലയുടെ മകൻ എഴുതുന്നു. ഈ വിനീതന് വാഗ്ദത്ത മസീഹിനെ അല്ലാഹു എങ്ങനെ കാണിച്ചു തന്നു എന്നും അദ്ദേഹത്തെ ലഭിച്ചപ്പോൾ എനിക്കെന്താണ് കിട്ടിയത് എന്നതിനെക്കുറിച്ച് അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് എഴുതുന്നു. അല്ലാഹുവിന്റെ പേരിൽ കളവ് പറയുക എന്നത് കുഫ്റാണ്. എനിക്ക് മതത്തോട് ചെറുപ്പത്തിലെ വളരെ താൽപര്യമായിരുന്നു. ഒമ്പത് വർഷം വരെ ഒരു ക്രിമിനൽ കേസ്സിൽ ഞാൻകുടുങ്ങിപ്പോയി. പല പ്രയാസങ്ങളും എനിക്ക് അതിൽ സഹിക്കേണ്ടി വന്നു. എന്നെക്കാളും കൂടുതൽ ഗ്രാമവാസികൾക്കാണ് പ്രയാസമുണ്ടായിരുന്നത്. കാരണം അതിന് കാരണക്കാർ അവരായിരുന്നു. ചെറുപ്പത്തിൽ തന്നെ ഒരു വഴികാട്ടയെ ഞാൻ അന്വേഷിച്ചു നടക്കുകയായിരുന്നു. പല ഭക്ത ദാസരിലേക്കും ദൃഷ്ടി പോയെങ്കിലും മനസ്സിന് തൃപ്തിവന്നില്ല. അവസാനം മിയാൻ ഇമാമുദ്ദീൻ സാഹിബ് ചക്ക്ലോത്തി മുഖേന എന്റെ ഉസ്താദായ അബ്ദുൽ ഹഖ് സാഹിബിന്റെ പിതാവ്- ഇദ്ദേഹം ഞാൻ അഹ്മദി ആയതിന് ശേഷം അഹ്മദിയായി മരിക്കുകയുണ്ടായി. ഹ:മസീഹ് മൗഊദ് عَلَیْہِ السَّلَام നെ ക്കുറിച്ച് കേൾക്കാനിടയായി. അദ്ദേഹം പറയാറുണ്ടായിരുന്നു. ഈ കാലഘട്ടം ഒരു ഇമാമിനെ ആവശ്യപ്പെടുന്നു. മിർസാ സാഹിബ് ശരിയായ ഇമാമാണ്. ജനങ്ങൾ അദ്ദേഹത്തെ മോശമായി ചിത്രീകരിക്കുന്നു. എന്നോടും അബ്ദുൽ ഹഖ് സാഹിബിനേയും നോക്കിക്കൊണ്ട് പറഞ്ഞു. അദ്ദേഹത്തെ നിങ്ങളാരും ചീത്ത പറയുക യോ മോശമായി കരുതുകയോ ചെയ്യരുത്. മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി ഡൽഹിയിൽ മൗലവി നദീര ഹുസൈൻ സാഹിബിന്റെ അടുത്ത് ഹദ്റത്ത് മസീഹ് മൗഊദിന്നെതിരിൽ കുഫ്റ് ഫത്വ ഒപ്പിടുവിപ്പിക്കാൻ പോയപ്പോൾ ഞാനും മൗലവി അബ്ദുൽ ഹഖും മൗലവി നദീർഹുസൈൻ സാഹിബിന്റെ അടുത്ത് പഠിക്കാനായി ഡൽഹിയിലായിരുന്നു. അഞ്ചാറ് വർഷത്തിന് ശേഷം ഞാൻ എന്റെ ഉസ്താദിന്റെ അടുത്ത് ചക്ക്ലോട്ടിലേക്ക് തിരിച്ചുവന്നു. മൗലവി അബ്ദുൽ ഹഖ് സാഹിബ് ഡൽഹിയിൽ പഠിച്ചുകൊണ്ടിരുന്നു. മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ഡൽഹിയിൽ നിന്നും തിരിച്ചുവന്ന് ഞങ്ങളുടെ ഗ്രാമത്തിലും ചുറ്റും മസീഹ് മൗഊദിനെ കാഫിറാക്കുന്നതിന് ഒരു സന്ദർശനം നടത്തി. അയാൾ ഇമാം സാഹിബിന്റെ അടുത്തും വന്നു. എന്നാൽ അദ്ദേഹം മസീഹ് മൗഊദിനെ ഒരിക്കലും കാഫിറെന്ന് പറഞ്ഞില്ല. അദ്ദേഹത്തോട് പറ ഞ്ഞത് നിങ്ങൾ കുഫിറിന്റെ ഈ കോട്ട പണിതിരിക്കുകയാണ്. ഇനി അതിൽ എനിക്ക് ഇഷ്ടിക വെക്കുവാനുള്ള ഒരു സ്ഥലവുമില്ല. നിങ്ങൾ ആലിമാണ്. ഇത് നിങ്ങൾക്ക് തന്നെ ഭൂഷണമായിരിക്കട്ടെ. അവസാനം മുഹമ്മദ്

ഹുസൈൻ നിരാശനായി അവിടം വിട്ടു.

മൗലവി അബ്ദുല്ലാ സാഹിബ് സനോരി, അദ്ദേഹം മസീഹ് മൗഊദിന്റെ സേവകനും ഹദ്റത്ത് മസീഹ് മൗഊദ് തന്റെ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തെക്കുറിച്ച് പരാമർശിക്കുകയും ചെയ്തയാളും ആണ്. അദ്ദേഹത്തോട് സ്നേഹമായിരുന്നു. കേസ്സ് നീണ്ടുപോയപ്പോൾ മൗലവി അബ്ദുല്ലാ സാഹിബ് സനോരി, മൗലവി അബ്ദുൽ ഹഖ് സാഹിബും ദുആ ചെയ്യിപ്പിക്കാനായി എന്നെ അയച്ചു. ബട്ടാലയിൽ നിന്നും ഞാൻ പുറപ്പെട്ടു. വഴിമധ്യേ ജനങ്ങളിൽ നിന്നും മസീഹ് മൗഊദിനെക്കുറിച്ച് ഞാൻ അന്വേഷിച്ചു. ചോദിച്ചവരെല്ലാം പറഞ്ഞത് അങ്ങോട്ട് പോകണ്ട എന്നാണ്. ദൂശ്യങ്ങൾ മാത്രമാണ് പറഞ്ഞത്. മൗലവിമാർ പറയുന്നത് അദ്ദേഹം മോശമാണെന്നാണ്. നീ കാഫിറാകും. എന്നാൽ ഞാൻ പറഞ്ഞത്. ഏതായാലും ഞാൻ ഇവിടംവരെ എത്തി. അന്വേഷി ച്ച് വരാം. സത്യവാനാണെങ്കിൽ എനിക്ക് മൗലവിമാരെ പേടിയില്ല. 1895 സെപ്തംബർ 11 ന് ഞാൻ ഖാദിയാനിൽ എത്തി. കുറച്ച് ദിവസ മേ ബാക്കിയുണ്ടായിരുന്നുള്ളൂ. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മസ്ജിദ് മുബാറക്കിന് മുകളിൽ ഇരിക്കുകയായിരുന്നു.

ഖലീഫ അവ്വൽ رضي الله عنه മൗലവി അബ്ദുൽ കരീം സാഹിബ് رضي الله عنه മുഫ്തി സ്വാദിഖ് സാഹിബ് رضي الله عنه മറ്റു സഹാബത്തും കൂടെ ഉണ്ടായിരുന്നു. മൗലവി അബ്ദുൽ ഖാദിർ സാഹിബ് മർഹൂം ലുധിയാനവി ഗോവണിക്കടുത്ത് മസിജിദ് മുബാറക്കിൽ നിൽക്കുകയായിരുന്നു. അബ്ദുൽ ഹഖ് സാഹിബിന്റെ അറബ് ഗ്രാമറിന്റെ ഉസ്താദായിരുന്നു ഇദ്ദേഹം. എന്നെയും പരിചയമുണ്ടായിരുന്നു. വളരെ സന്തോഷത്തോടെ എന്നെ കണ്ടു. അദ്ദേഹത്തെ കണ്ട് വളരെയധികം സന്തോഷം തോന്നി. അദ്ദേഹം ചോദിച്ചു. ബൈഅത്ത് ചെയ്യാനാണോ വന്നത്. ഞാൻ പറഞ്ഞു. ദുആ ചെയ്യിപ്പിക്കാനാണ് വന്നത്. എന്നോട് ചോദിച്ചു. നീ മൗലവിമാരെ ഭയപ്പെടുന്നുണ്ടോ. അപ്പോൾ ഞാൻ പറഞ്ഞു. മൗലവിമാരെയൊന്നും എനിക്ക് പേടിയില്ല. ഹുസൂറിന്റെ മുഖം ദർശിച്ചപ്പോൾ തന്നെ എനിക്ക് സത്യം മനസ്സിലായി. ഇത് കള്ളം പറയുന്ന മുഖമല്ല. അപ്പോഴേക്കും സൂര്യൻ അസ്തമിക്കാറായി. മറ്റൊരാൾ കുറേ ദിവസമായി ബൈഅത്ത് ചെയ്യാൻ വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം വന്നു പറഞ്ഞു. ഹുസൂർ എന്റെ ബൈഅത്ത് വാങ്ങിയാലും. എനിക്ക് വീട്ടിൽ തിരിച്ചു പോകണം. ഹുസൂർ പറഞ്ഞു. അൽപം കഴിഞ്ഞിട്ട് ബൈഅത്ത് ചെയ്യാം. പൂർണ്ണ തൃപ്തി കൈവരണം. പിന്നീട് മറ്റു കാര്യങ്ങളെക്കുറിച്ച് സംസാരിച്ചു. മൗലവി അബ്ദുൽ ഖാദിൽ സാഹിബ് എന്നെക്കുറിച്ച് ഹുസൂറിന്റെ സവിധത്തിൽ സ്വയം ചെന്ന് പറഞ്ഞു. ഇദ്ദേഹം ബൈഅത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു. അൽപം ഉയരത്തിരുന്ന ഹുസൂർ ഉടനെ താഴെ ഇറങ്ങിയിരിക്കുകയും എന്നിട്ട് പറയുകയും ചെയ്തു. ബൈഅത്ത് ചെയ്യാനുള്ളവർ വരിക. ആ വ്യക്തി ആദ്യമേ തന്നെ ഹുസൂറിന്റെ അടുത്താണിരുന്നിരുന്നത്. ഞാൻ കോണിപ്പടിയുടെ അടുത്ത് നിന്ന് എഴുന്നേറ്റ് ഹുസൂറിന്റെ അടുത്തേക്ക് ചെന്നു. രണ്ട്മൂന്ന് മുഴം ദൂരെയായിരുന്നു. ആ സമയത്ത് എന്റെ ഹൃദയത്തെ ആരോ കയറുകെട്ടി വലിക്കുന്നതുപോലെയുള്ള ഒരാകർഷണ ശക്തി എനിക്കനുഭവപ്പെട്ടു. അപ്പോൾ ഞാൻ ഹാ എന്ന് പറഞ്ഞ് ഉച്ചത്തിൽ ശബ്ദിച്ചുപോയി. ഹുസൂറിന്റെ അടുത്ത് പോയിരുന്നു. സസന്തോഷം ഹുസൂറിന്റെ കരങ്ങളിൽ എന്റെ കൈ നൽകി. ഞങ്ങൾ ഇരുവരും ബൈഅത്ത് ചെയ്തു. കേസ്സിന്വേണ്ടി ദുആ ചെയ്യാൻ പിന്നീട് ഹുസൂറിനോട് അപേക്ഷിക്കുകയും ചെയ്തു. ഹുസൂർ ദുആ ചെയ്തു. അതിനുശേഷം പത്തു ദിവസം ഞനവിടെ തങ്ങി. ഹുസൂറനോടും ഖാദിയാനോടും എനിക്ക് അതിരറ്റ സ്നേഹമാണുണ്ടായിരുന്നത്. ഇവിടംവിട്ട് വീട്ടിൽ പോകാൻ അൽപംപോലും താൽപര്യമില്ലായിരുന്നു. ഖാദിയാൻ സ്വർഗ്ഗതുല്ല്യമായിരുന്നു. ഇവിടം എപ്പോഴും ദൈവികസ്മരണ മാത്രമല്ലാതെ ഭൗതികതയുടെ ഒന്നും കേൾക്കാറുണ്ടായിരുന്നില്ല. സലാമൻ സലാമ എന്ന സമാധാന സന്തോഷമാണ് എവിടെയും മുഖരിതമായിരുന്നത്. എന്റെ എല്ലാ ദുഃഖങ്ങളും വ്യസനങ്ങളും ദുരീകരിക്കപ്പെട്ടു. പാതിരിമാരുടെ ഗൂഢാലോചനയിലൂടെ ഒരു കുട്ടിയുടെ പേരിൽ കൊലക്കുറ്റത്തിനുള്ള കേസ്സ് ഹുസൂറിന്റെ പേരിൽ നടക്കുന്നുണ്ടായിരുന്നു.

ഞാൻ അനുവാദം വാങ്ങി തിരിച്ചുവന്നു. ബൈഅത്ത് ചെയ്തതിനുശേഷം എന്റെ അവസ്ഥയാകെ മാറിമറിഞ്ഞു. അല്ലാഹുവിനോട് പ്രത്യേകമായ സ്നേഹവും പ്രേമവും എന്നിൽ ഉണ്ടായി. ഉറങ്ങാതെ രാപ്പകൽ അവനെ മാത്രം സ്മരിക്കാനാണ് ആഗ്രഹമുണ്ടായിരുന്നത്. ഉറങ്ങാൻ കിടന്നാൽ പെട്ടെന്ന് വെപ്രാളപ്പെട്ട് എഴുന്നേൽക്കും. തന്റെ പ്രിയരിൽ നിന്നും അകന്നവനെപ്പോലെ. എന്റെ ഹൃദയത്തിന്റെ അവസ്ഥ പറഞ്ഞറിയിക്കാൻ കഴിയില്ല. എനിക്ക് ഇടക്കിടക്ക് തോന്നും എന്റെ ഹൃദയം ആരോ എടുത്ത് കഴുകുകയാണ്. ഭയഭക്തി നിത്യേന വർദ്ധിച്ചുകൊണ്ടിരുന്നു. ഇതെല്ലാം തന്നെ ഹുസൂറിന്റെ പ്രത്യേക ശ്രദ്ധ കാരണമായിരുന്നു. ഭക്തി നിർഭരമായ ഒരവസ്ഥയിൽ ഒരിക്കൽ എനിക്ക് തോന്നിയത് എന്റെ ഹൃദയം ആരോ പിളർത്തിയിരിക്കുന്നു. പ്രാർത്ഥിച്ചുകൊണ്ട് അതിനെ കഴുകിയിരിക്കുന്നു. പുതിയ ഒരു ആത്മാവ് അതിൽ പ്രവേശിച്ചിരിക്കുന്നു. അതിനെ റൂഹുൽ ഖുദ്സ് എന്നാണ് പറയുക. എന്റെ അവസ്ഥ ഒരു ഗർഭിണിയെപ്പോലെയായിത്തീർന്നു. എന്റെ വയറ്റിൽ കുട്ടി ഉള്ളതുപോലെ. എന്റെ ശരീരമാസകലം ഒരു പ്രത്യേക ആനന്ദാനുഭൂതിയിൽ ലയിച്ചുചേർന്നു. എല്ലാം പ്രകാശപൂരിതമായിത്തീർന്നു. പ്രകാശം ഹൃദയത്തിൽ ഓടിക്കളിക്കുകയാണ്. ദൈവസ്മരണ (ദിക്റ്) ചെയ്യുമ്പോൾ നാവിൽ പ്രത്യേകമായ ഒരനുഭൂതി ലഭിച്ചിരുന്നു. മറ്റൊന്നിലും അത് ലഭിക്കുമായിരുന്നില്ല. എന്റെ പിന്നിൽ നമസ്ക്കരിക്കുന്നവർക്ക് നമസ്ക്കാരത്തിൽ പ്രത്യേക ആനന്ദം ലഭിച്ചിരുന്നു. സന്തോഷത്തോടെ അവർ പറയുമായിരുന്നു എത്രനല്ല നമസ്ക്കാരമാണ് നമസ്ക്കരിച്ചത്. ഇത് യഥാർത്ഥത്തിൽ എന്റെ അവസ്ഥയായിരുന്നില്ല. ഇത് മസീഹ് മൗഊദിന്റെ അവസ്ഥയായിരുന്നു. എന്റെ കേസ്സ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ ദുആയാലും ഞാൻ ഖാദിയാനിൽ ഉള്ളപ്പോൾ തന്നെ തീർന്നുകൊണ്ടിരുന്നു. എന്നാൽ ഇത് ഹദ്റത്ത് മസീഹ് മൗഊദ് വരെ എത്താനുള്ള ഒരു വഴി ഒരുക്കുകയാണ് ചെയ്തത്. ഇത് മുഖേന ഈ വിനീത ദാസനെ ആത്മീയ ആകാശത്തിൽ വിഹരിക്കാൻ അവസരമൊരുക്കി. തന്റെ ദർശനത്താൽ അനുഗ്രഹിച്ചു. ഞാൻ മസീഹ് മൗഊദ് عليه السلام ന്റെയും എതിരാളികളുടേയും പുസ്തകങ്ങൾ വാങ്ങി ഒറ്റക്ക് പള്ളിയിൽ ഇരിക്കും. ശ്രദ്ധാപൂർവ്വം ഓരോന്നും വായിക്കും. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വാദങ്ങളെ വിശുദ്ധ ഖുർആന്റെ ആയത്തുകൾക്ക് യോജിച്ച നിലയിൽ കണ്ടെത്തി. ഒരിക്കൽ ഞാൻ ഒരെതിരാളിയുടെ പുസ്തകം നോക്കുകയായിരുന്നു. ഇത് എങ്ങനത്തെ പണ്ഢിതനാണെന്ന് മനസ്സിൽ ആശ്ചര്യപ്പെടുകയായിരുന്നു. ഇങ്ങിനെയുള്ള പുസ്തകങ്ങൾ അവർക്കെങ്ങനെ എഴുതാൻ സാധിക്കുന്നു. ഈ ചിന്ത വന്നപ്പോൾ തന്നെ ഉറക്കം വന്നു. അങ്ങിനെ കുടന്നുറങ്ങി. അപ്പോൾ ഇൽഹാം ഉണ്ടായി. ആ ഇൽഹാം എന്റെ ഹൃദയത്തിൽ ആഴ്ന്നിറങ്ങി. ഒരു വസ്തു തൊണ്ടിയിലൂടെ ഇറങ്ങുന്നതുപോലെ അത് ഇറങ്ങി. ഹൃദയത്തിൽ വന്നപാടെ അത് നാവിൽ വന്നു. ഈ ഇൽഹാമിന്റെ പൊരുൾ എനിക്ക് മനസ്സിലാക്കിത്തന്നത് ഈ പണ്ഢിതന്റെ സമൂഹം അവരുടെ അടുത്ത് താക്കീദുകാർ വന്നപ്പോൾ ഇവർ അത്ഭുതപ്പെട്ടുകൊണ്ടേ ഇരുന്നു. എന്റെ ഇൽഹാമുകളും സ്വപ്നങ്ങളും ഞാൻ മസീഹ് മൗഊദ് عليه السلام ന് എഴുതി അറിയിക്കാറുണ്ടായിരുന്നു.

മസീഹ് മൗഊദ് (അ) നെതിരിൽ ആരെങ്കിലും ആക്ഷേപം ഉന്നയിക്കുമ്പോൾ ഉടനടി അതിന്റെ മറുപടിയായി വിശുദ്ധ ഖുർആനിലെ ആയത്ത് എന്റെ മുമ്പിൽ വരും. വിശുദ്ധ ഖുർആനിൽ നിന്നും അതിന് ഞാൻ മറുപടി നൽകും. ഒരിക്കൽ ഒരു മൗലവി എന്റെ അടുത്ത് വന്നു. എന്നിട്ട് എന്നോട് പറഞ്ഞു. ഹദ്റത്ത് ഈസ (അ) ന്റെ മരണം വിശുദ്ധ ഖുർആനിൽ നിന്നും കാണിച്ച് തരിക. മൗത്ത് എന്ന് വാക്ക് എവിടെയാണ് വന്നത് അത് കാണിക്കണം. ഞാൻപറഞ്ഞു. അല്ലാഹു പറയുന്നു. وَاِنۡ مِّنۡ اَهۡلِ الۡكِتٰبِ اِلَّا لَيُؤۡمِنَنَّ بِهٖ قَبۡلَ مَوۡتِهٖ ഇനി ഒരു അഹ്‌ലെ കിതാബും വിശുദ്ധ ഖുർആന്റെ ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈസാ നബി (അ) കുരിശിൽ മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തതായി അംഗീകരിക്കുകയില്ല. മറിച്ച് അദ്ദേഹം സാധാരണ നിലയിൽ മരിച്ചിരിക്കുകയാണ് എന്ന് വിശ്വസിക്കുന്നതാണ്. സാധാരണ മരണത്തിൽ വിശ്വസിക്കുന്നതിനു മുമ്പെ അവർ കുരിശ് മരണ വിശ്വാസവും അദ്ദേഹത്തെ കൊന്നു എന്ന വിശ്വാസവും കൈയ്യൊഴിയുന്നതാണ്. **ബിഹി** എന്ന **ളമീർ** وَمَا قَتَلُوۡهُ وَمَا صَلَبُوۡهُ എന്നതിലേക്കാണ് മടങ്ങേണ്ടത്. **മൗത്തിഹി** എന്നതിൽ നിന്നും മനസ്സിലാകുന്നത് ഈസാനബിയുടെ സാധാരണ മരണമാണ്. ഈസാനബി ഇതിനെക്കുറിച്ച് ഖിയാമത്തിൽ സാക്ഷി പറയുന്നതാണ്. ഞാൻ കുരിശ്ശിലെ കൊലപാതകം മുഖേനയോ അല്ല മരിച്ചത്. വിശുദ്ധ ഖുർആന്റെ തീരുമാനപ്രകാരം സാധാരണ നിലയിൽ തന്നെയാണ് മരിച്ചത്. മൗലവി ഇത് കേട്ടയുടനെ ഓടിപ്പോയി. അതു കാരണം ആ ഗ്രാമത്തിലെ അധികമാളുകളും അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു. പിന്നീട് മൗലവിമാർ ഭീഷണിപ്പെടുത്തിയത് കാരണം ചിലർ പിൻതിരിയുകയും ചെയ്തിട്ടുണ്ട്. ഹ: മലിക്ക് ഖാൻ സാഹിബ് (റ) ഇൻസ്പെക്ടർ ബൈത്തുൽ മാൽ ഖാദിയാൻ, 1896 ൽ ബൈഅത്തും 1904 ൽ ഖാദിയാൻ സന്ദർശനവും നടത്തിയ കശ്മീർ സ്വദേശിയായ അദ്ദേഹം പറയുന്നു. ''എന്റെ സ്നേഹനിധിയായ സർവ്വേശ്വരാ ഞാൻ നിന്റെ പരിശുദ്ധ പ്രവാചകന്റെ ജീവചരിതം എഴുതാൻ പോകുകയാണ്. ഇതിൽ നീ അനുഗ്രഹങ്ങൾ ചൊരിയേണമേ.''

ഒരു സംഭവം എഴുതുന്നു. 1904 ൽ കറംദീനുമായി ഗുർദാസപൂരിൽ ചന്തുലാലിന്റെ കോടതിയിൽ കേസ്സ് നടക്കുമ്പോൾ ഖാജാ കമാലുദ്ദീൻ സാഹിബാണ് ഹുസൂറിന്റെ വക്കീൽ. കറംദീൻ സാഹിബിന്റെത് മുൽ രാജ് നബി ബക്ശും ആയിരുന്നു. ഖാദിയാനിൽ നിന്ന് വിനീതനും സയ്യിദ് നൂർ അഹ്മദും ഹാസിഫ് ഹാമിദലിയും വണ്ടിയിൽ പുസ്തകവും എടുത്ത് ഗുർദാസ്പൂരിൽ എത്തി. ഡോക്ടർ മുഹമ്മദ് ഇസ്മാഈൽ സാഹിബ് ഗട്യാനി വളരെ ദേഷ്യത്തിലായാണ് ഞങ്ങൾ കണ്ടത്. ഞാൻ ചോദിച്ചു. ഡോക്ടർസാഹിബ് ഇത്ര വെപ്രാളപ്പെടുന്നത് എന്തിനാണ്. അദ്ദേഹം പറഞ്ഞു. സഹോദരാ ഞാൻ ഭയപ്പെടാനുള്ള കാരണം ഇവിടെ എടുത്തിരിക്കുന്ന തീരുമാനം ഏതുവിധേനയും ഹുസൂറിനെ ജയിലിൽ അയക്കുക തന്നെ ചെയ്യും എന്നുള്ളതാണ്. 5 മിനിറ്റ് നേരത്തേക്കായാലും ശരി എന്തുതന്നെയായാലും അറസ്റ്റു ചെയ്യിപ്പിക്കുന്നതാണ്. ചന്തുലാൽ ഇത് തീരുമാനിച്ചുറപ്പിച്ചതാണ്. വലിയ ഒരു ഉദ്യോഗസ്ഥനാണ് ഈ വാർത്ത എനിക്ക് തന്നത്. അപ്പോൾ ഞാൻ ഡോക്ടർ സാഹിബിനോട് ചോദിച്ചു. ഇനി എന്താണ് ചെയ്യേണ്ടത്. ഡോക്ടർ സാഹിബ് പറഞ്ഞു.ആർക്കെങ്കിലും നല്ല പ്രവർത്തി ചെയ്യാൻ ഉദ്ദേശമുണ്ടെങ്കിൽ ഇപ്പോൾ ചെയ്യുക. ഹുസൂറിനോട് പറയണം. താങ്കൾ ഗുരുദാസ്പൂരിൽ വരരുത്. ഡോക്ടറോട് സർട്ടിഫിക്കറ്റ് വാങ്ങുക. നൂറ് രൂപ ചെലവഴിക്കേണ്ടി വന്നാലും ഞാനത് തരാം. ഞാൻ ഡോക്ടർ സാഹിബിനോട് ചോദിച്ചു. ഹുസൂർ കള്ള സർട്ടിഫിക്കറ്റ് വാങ്ങണമെന്നാണോ താങ്കൾ പറയുന്നത്. ഡോക്ടർസാഹിബ് പറഞ്ഞു സഹോദരാ. നന്മ ചെയ്യാൻ ഉദ്ദേശമുണ്ടെങ്കിൽ ചെയ്യുക. ആരെങ്കിലും ഖാദിയാനിൽ പോകണോ. അദ്ദേഹം പറഞ്ഞു. അതെ ഞാൻ പറഞ്ഞു എനിക്ക് ഒരു റാന്തൽ വിളക്ക് നൽകുക. ഞാൻ രാത്രി തന്നെ പുറപ്പെടാം. ഡോക്ടർ സാഹിബ് ആ സമയത്ത് എനിക്ക് റാന്തൽ വിളക്ക് നൽകി. ഞാൻ ഗുർദാസ്പൂരിൽ നിന്നും ഖാദിയാനിലേക്ക് പുറപ്പെട്ടു. വഴി മധ്യേ ഹാമിദലി സാഹിബ് മുൻശി അബ്ദുൽ ഗനി സാഹിബ് എന്നിവരെ കൂടെക്കൂട്ടി. 2 മണിക്ക് ഞങ്ങൾ മസ്ജിദ് മുബാറക്കിൽ എത്തി. ഞങ്ങൾ കതക് മുട്ടിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) പുറത്തേക്ക് വന്നു. അസ്സലാമു അലൈക്കും എന്ന് പറഞ്ഞതിനുശേഷം നിങ്ങൾ പുസ്തകങ്ങളുമായി ഗുർദാസ്പൂരിൽ പോയതല്ലെ എന്ന് ചോദിച്ചു. അപ്പോൾ നടന്നതെല്ലാം ഞാൻ കേൾപ്പിച്ചു. ഹുസൂർ പറഞ്ഞു. തല കറക്കത്തിന്റെ രോഗം എനിക്ക് നേരത്തെ ഉള്ളതാണ്. സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് ഞാൻ നേരത്തെ തീരുമാനിച്ചതുമാണ്. എന്നാൽ ഇപ്പോൾ ഞാൻഗുർദാസ്പൂരിൽ പോയിട്ട് അവിടെ നിന്ന് സർട്ടിഫിക്കറ്റ് വാങ്ങുന്നതാണ്. എന്തായാലും ഇവിടെ തങ്ങുന്ന പ്രശ്നമേ ഇല്ല. ഭയപ്പെടാനെന്തിരിക്കുന്നു. പിന്നീട് എനിക്കായി കിടന്നുറങ്ങാനുള്ള ബെഡ്ഡും പുതപ്പുമെല്ലാം അകത്തുനിന്ന് വരുത്തിച്ച് തന്നു. ക്ഷീണിതനായിരുന്നു ഞാൻ നല്ലതുപോലെ ഉറങ്ങിപ്പോയി. ഹുസൂർ ഗുർദാസ്പൂരിലേക്ക് പുറപ്പെട്ടിരുന്നു. ഖാദിയാനിൽ നിന്നില്ല. ഒരു നീണ്ട സംഭവമാണ്. ഞാൻ ദീർഘ നേരം ഉറങ്ങിപ്പോയി. പിന്നീട് ഞാൻ ഗുർദാസ്പൂരിലേക്ക് പുറപ്പെട്ടു. ജനങ്ങൾ എന്നെ തടഞ്ഞു. ജനങ്ങൾ പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അവിടെ എത്തിയിട്ടുണ്ടാകും. എന്നാൽ എന്റെ കണ്ണ് തുറന്നപ്പോൾ ഞാൻ തയ്യാറായി കാൽനടയായി ഗുർദാസ്പൂരിലേക്ക് പുറപ്പെട്ടു. മസീഹ് മൗഊദ് (അ) പറഞ്ഞിരുന്നത് ഇദ്ദേഹത്തെ കാൽനടയായി അയക്കരുത് കുതിരവണ്ടിയിൽ അയക്കണം എന്നായിരുന്നു. പറയുന്നു. വഴിയിൽ എന്റെ അവസ്ഥ വളരെ മോശമായി. പനി വന്നു. ജനങ്ങൾ തടഞ്ഞത് ശരിയായിരുന്നു. മൂന്നാമത്തെ പ്രാവശ്യമാണ് ഈ യാത്ര. മാത്രമല്ല ഇത്ര ഭാരിച്ച ജോലി എടുത്ത് ശിലവുമില്ലായിരുന്നു.

ചുരുക്കിപ്പറഞ്ഞാൽ ഹുസൂർ താമസിച്ച സ്ഥലത്ത് വൈകുന്നേരം എത്തി. ഞാൻ വാതിലിലൂടെ അകത്തേക്ക് പ്രവേശിക്കുന്നതിനു മുമ്പെ ഹുസൂർ ചോദിച്ചു. മദദ്ഖാനേയും കുതിരവണ്ടിയിൽ ഇരുത്തി കൊണ്ടുവന്നിട്ടുണ്ടോ. ഈ ശബ്ദം എന്റെ ചെവിയിൽ എത്തിയപ്പോൾ ഉറങ്ങിക്കിടക്കുന്നവർ ഉണരുന്നതുപോലെ ഞാൻ നെട്ടിത്തരിച്ചു ഞാൻ മുറ്റത്തെത്തിയപ്പോൾ ആരോ വിളിച്ചുപറഞ്ഞു ഹുസൂർ മദദ്ഖാൻ വന്നിരിക്കുന്നു. ഞാൻ ചെന്ന് ഹുസൂറിന് അസ്സലാമു അലൈക്കും എന്ന് പറഞ്ഞു. ഹുസൂർ ഉടനെ തന്റെ തിരുകരം മുന്നോട്ട് നീട്ടി എന്റെ കൈ പിടിച്ചുകൊണ്ട് പറഞ്ഞു. ജസാക്കല്ലാഹ്. ഇദ്ദേഹം ധീരനും ധൈര്യശാലിയുമാണ്. മൂന്നാമത്തെ പ്രാവശ്യമാണ് ഇദ്ദേഹത്തിന്റെ യാത്ര.- ഖാദിയാനും ഗുർദാസ്പൂരിനുമിടയിൽ- ഹുസൂർ എന്റെ കൈ പിടിച്ചപ്പോൾ എനിക്ക് തോന്നിയത് ഞാൻ ഇതുവരെ യാത്ര ചെയ്തിട്ടേ ഇല്ല എന്നാണ്. ആദ്യം ക്ഷീണംകൊണ്ടും ഉറക്കം കൊണ്ടും ആകെ ഞാൻ ആടി ഉലയുകയായിരുന്നു. ആരോടും സംസാരിക്കാൻ പോലും എനിക്ക് താൽപര്യമുണ്ടായിരുന്നില്ല. ശരീരത്തിൽ പനി വരുന്നുണ്ടായിരുന്നു. എന്നാൽ അല്ലാഹുവിന്റെ പ്രവാചകൻ എന്റെ ക്ഷീണം പൂർണ്ണമായും തീരുന്നതുവരെ എന്റെ കൈ പിടിച്ചുകൊണ്ടിരുന്നു. അൽപം നിമിഷം മുമ്പുവരെ ഞാൻ മൃതാവസ്ഥയിലായിരുന്നു. ഹുസൂറിന്റെ തിരുകരം എന്നെ സ്പർശിച്ച മാത്രയിൽ തന്നെ എന്റെ ക്ഷീണമെല്ലാം അകന്നുപോയി. അസ്വസ്തതകൾ അകന്നു. ശരീരഭാരമെല്ലാം കുറഞ്ഞു. ഒരു പ്രയാസവും ബാക്കിയായില്ല. ഇതെല്ലാം തന്നെ ഹുസൂറിന്റെ കറാമത്ത് എന്നല്ലാതെ

എന്ത് പറയാൻ. അപ്പോഴാണ് എനിക്ക് ഒരു കാര്യം മനസ്സിലായത്. വിശപ്പും ദാഹവുമെല്ലാം സന്തോഷം കൊണ്ട് ഇല്ലാതാഴേക്കാം. എന്നാൽ ക്ഷീണവും അസ്വസ്തതയും കഷ്ടതയും എല്ലാ ഹുസൂറിന്റെ കരസ്പർശത്താൽ അകന്നുപോകുകയുണ്ടായി. ഇതെല്ലാം ഹുസൂറിന്റെ കറാമത്തല്ലാതെ മറ്റെന്തുപറയാൻ. മൃതനായ എന്നിൽ ജീവൻ വരികയുണ്ടായി. എന്റെ എല്ലാ ക്ഷീണവും അകലുന്നതുവരെ ഹുസൂർ എന്റെ കൈ വിട്ടില്ല. ഇതിനു മുമ്പ് എന്റെ ശരീരം കല്ലായിരുന്നു. ഇളകാൻ കഴിയില്ലായിരുന്നു. മരിച്ചവരെ ജീവിപ്പിക്കുക എന്നത് ഇതിനാണ് പറയുക എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗുർദാസ്പൂർ ഞാൻ പോയിട്ടില്ലെന്ന് തന്നെ ഞാൻ മനസ്സിലാക്കി.

ഹുസൂർ ഭക്ഷണം കൊണ്ടുവരാൻ പറഞ്ഞു. ഹുസൂർ എന്നെയും അടുത്ത് തന്നെയിരുത്തി. ഹുസൂറിനോടൊപ്പം ഞാനും ഭക്ഷണം കഴിച്ചു. ഇത് ഹുസൂറിന്റെ പ്രത്യേക ഔദാര്യമായിരുന്നു. എന്റെ പേര് ഹുസൂറിന്റെ നാവിൽ കയറിക്കിട്ടണമെന്നും ഞാൻ ഹുസൂറിന്ന് പരിചിതനാകണമെന്നും ഞാൻ ആഗ്രഹിച്ചു. അതിനുള്ള പല സംഭങ്ങളും അദ്ദേഹം എഴുതുന്നുണ്ട്. പിന്നീട് ഹുസൂർ പലപ്പോഴും എന്റെ പേർ പറയുമായിരുന്നു. എന്നെ വ്യക്തിപരമായി അറിയാമായിരുന്നു.

ഈ സംഭവങ്ങൾ ഭക്തരായ ആളുകളുടേതാണ്. ഇതിനുമുമ്പ് ഇടക്കിടക്ക് ഇങ്ങിനെയുള്ള സംഭവങ്ങൾ ഞാൻ കേൾപ്പിച്ചിരുന്നു. പ്രത്യേകിച്ച് ഇവരുടെ മക്കൾ ഇവരുടെ തലമുറ അവരുടെ പൂർവ്വികന്മാർ എത്രമാത്രം കാരുണ്യമാണ് നമ്മോട് ചെയ്തിരിക്കുന്നത് എന്നോർക്കുക. അവർ സത്യം സ്വീകരിച്ചതുപോലെ സധൈര്യം സത്യം സ്വീകരിക്കാൻ ഇന്ന് നമ്മിൽ പലർക്കും കഴിയുമായിരുന്നില്ല. അതിനാൽ ഇവരുടെ പിൻഗാമികൾ ഇവർക്കായി കൂടുതൽ ദുആ ചെയ്യുകയും അതോടൊപ്പം തങ്ങളുടെ വിശ്വാസസ്ഥിരതക്കും ദൃഢതക്കുമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. ഹ:മസീഹ് മൗഊദ് عليه السلام മുമായി ഇവർക്കുണ്ടായിരുന്ന ബന്ധം മുന്നിൽവെച്ചുകൊണ്ട് അവരുടെ മാതൃക പിൻപറ്റാൻ എപ്പോഴും ശ്രമിക്കേണ്ടതാണ്. അവരിൽ ചിലർക്ക് അറിവ് കുറവായിരുന്നു. എന്നാൽ വൈജ്ഞാനികവും ആത്മീയവുമായ ആഗമനത്തിനായി അവർ ശ്രമിച്ചിരുന്നു. അത് അവർ ശമിപ്പിക്കുകയുണ്ടായി. അങ്ങിനെ യഥാർത്ഥ പ്രേമികളായി അവർ മാറി. അല്ലാഹുവുമായി അവർ ബന്ധം സ്ഥാപിക്കുകയും ചെയ്തു. ചില സംഭങ്ങൾ നിങ്ങൾ കേൾക്കുകയുണ്ടായി. ഈ സ്നേഹത്തിന്റെയും ആത്മ സമർപ്പണത്തിന്റെയും ഉദാത്ത മാതൃകകൾ അവരുടെ തലമുറകളും നിലനിറുത്തേണ്ടതാണ്. അല്ലാഹു നമുക്കെല്ലാവർക്കും അവനെ സ്നേഹിക്കാനും ആത്മസമർപ്പണം ചെയ്യാനും ഈ മാതൃക സ്ഥാപിക്കാനും തൗഫീഖ് നൽകുമാറാകട്ടെ.

## PRINTED BOOKS

**To**

**From**
**Incharge Khutba Section**
**Ahmadiyya Mission House**
**K.N.Road Karapparamba Calicut -10**


**HADHRAT MIRZA MASROOR AHMAD**
**KHALIFATUL MASIH - V**
**on 17 - 12 - 2010 at London**

**വിവർത്തനം**
എം. നാസിർ അഹ്മദ് കൊടിയത്തൂർ
മുബല്ലിഗ് എറണാകുളം, **PHONE : 9497343704**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode Published by : **Majlis Khuddamul Ahmadiyya, Kerala**